# ദി ഡിഫെൻഡർ

Vol. No. 11 Issue No. 16 RNI Reg. No. 68089 / 97 Published From Perumbavoor 2008 AUGUST 16 Price: Rs.100/- P.A.


## ഐ.പി.സിയെ പിളർക്കാൻ കെ.സി.ജോൺ പദ്ധതിയിടുന്നു

ഐ.പി.സിയെ പിളർത്താൻ കെ.സി.ജോണും കൂട്ടരും പദ്ധതിയിടുന്നതായി തിരുവല്ലയിൽ നിന്നു ലഭിക്കുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. വരുന്ന തെരഞ്ഞെടുപ്പിൽ കെ.സി. ജോണിനെ പ്രസിഡന്റ് സ്ഥാനത്തുനിന്നു നീക്കാൻ ചിലർ നടത്തുന്ന ശ്രമം വിജയിച്ചാൽ ഐ.പി.സിയെ പിളർത്താനാണ് കെ.സി.ജോണും കൂട്ടരും തയ്യാറെടുക്കുന്നത്.

പെന്തക്കോസ്ത് രാഷ്ട്രീയത്തിന്റെ തലതൊട്ടപ്പനാണ് കെ.സി.ജോൺ. സ്വന്തം കസേര ഉറപ്പിക്കാനായി എന്തു ഹീനകൃത്യവും ചെയ്യാൻ ഇയാൾ തയ്യാറാകും. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അപ്രതീക്ഷിതമായി പ്രസിഡന്റ് സ്ഥാനം ലഭിക്കുമെന്നായപ്പോൾ അതുവരെ ഒപ്പം നിന്നവരെയെല്ലാം വഴിയാധാരമാക്കിക്കൊണ്ട് കസേര കരസ്ഥമാക്കിയവനാണ് ഈ നീചൻ. ഇത്തവണയും ചില ഭൈമീകാമുകൻമാരെ ഒപ്പം കൂട്ടി രാഷ്ട്രീയക്കളിക്ക് തുടക്കം കുറിച്ചിരിക്കയാണ്. സ്വന്തം കസേര ഉറപ്പാക്കുകയാണു ലക്ഷ്യം. തന്റെ പിന്നിൽ ആയിരങ്ങളുണ്ട് എന്നു വരുത്തിത്തീർത്താൽ മാത്രമേ അതു സാധിക്കൂ. അതിനാണ് ചില രാഷ്ട്രീയ മക്കുണങ്ങളുടെ സഹായത്തോടെ കെ.സി. ജോൺ ചാണക്യതന്ത്രമിറക്കുന്നത്. കെ.സി.ജോണിനോടൊപ്പം നിന്നാൽ തങ്ങൾക്കും ചില സ്ഥാനമാനങ്ങൾ കിട്ടുമെന്ന പ്രതീക്ഷയിലാണ് ശിങ്കിടികൾ.

വൽസൻ ഇത്തവണ പ്രസിഡന്റ് സ്ഥാനം കൈവശപ്പെടുത്തുമെന്നാണ് കെ.സിയുടെ ഭയം. താനാണ് ഇന്ത്യയിലെ പെന്തക്കോസ്തിന്റെ നേതാവ് എന്നു വരുത്തിത്തീർത്താൽ വൽസന്റെ തന്ത്രങ്ങൾക്കു തടയിടാം. ആ ലക്ഷ്യത്തോടെയാണ് കെ.സി. ജോൺ ഡിസംബർ 22ന് തിരുവനന്തപുരത്തു റാലി നടത്താൻ നിശ്ചയിച്ചിരിക്കുന്നത്. റാലിക്കെതിരെ അപ്പോളജിസ്റ്റുകൾ പ്രതികരിച്ചപ്പോൾ അത് ഐ.പി.സി പോളിറ്റിക്സിന്റെ ഭാഗമാണെന്നു കെ.സി.ജോൺ പറഞ്ഞത് ഈ കാരണത്താലാണ്. റാലി നടത്തുന്നത് തന്റെ രാഷ്ട്രീയക്കളിയുടെ ഭാഗമാണെന്ന് കെ.സിക്കറിയാം. അപ്പോൾ റാലി പൊളിക്കുന്നത് മറുപക്ഷത്തിന്റെ രാഷ്ട്രീയക്കളിയായിരിക്കുമല്ലോ എന്ന സാമാന്യ ന്യായത്തിലാണ് കെ.സിയുടെ പ്രചരണം.

കെ.സി ചേരി, കെ.സി വിരുദ്ധ ചേരി എന്നിങ്ങനെ രണ്ടു ചേരികൾ നിലവിൽ വന്നു കഴിഞ്ഞു. ഒരു വർഷം നീളുന്ന രാഷ്ട്രീയപ്പോരിനാണ് ഇരുപക്ഷവും തയ്യാറെടുക്കുന്നത്. ന്യൂ ജനറേഷൻ സഭകളെ ഐ.പി.സിയിൽ ലയിപ്പിച്ച് തന്റെ ശക്തി കൂട്ടാൻ കെ.സി ശ്രമിക്കുന്നുമുണ്ട്. കസേര കൈവിട്ടുപോകുമെന്ന സ്ഥിതി വന്നാൽ ഐ.പി.സിയിൽ പിളർപ്പുണ്ടാക്കി നേതൃത്വം നിലനിർത്താനാണ് പദ്ധതി. ഏതായാലും രാഷ്ട്രീയക്കാരെപ്പോലും ലജ്ജിപ്പിക്കുന്ന കളികളാകും ഇനിയുള്ള ദിവസങ്ങളിൽ ഐ.പി.സിയിൽ നടക്കുക.

## പാര: ജനറൽ കൗൺസിൽ വഹ

കെ.സി.ജോൺ ഐ.പി.സിയുടെ ജനറൽ പ്രസിഡന്റാണ്. പക്ഷേ കെ.സിയുടെ അധീനതയിലുള്ള ജനറൽ കൗൺസിൽ കെ.സിക്കു പാരവച്ചാലോ? ഏതാനും ദിവസം മുൻപു നടന്ന ജനറൽ കൗൺസിൽ മീറ്റിംഗിൽ ഇതാണു സംഭവിച്ചത്. ന്യൂ ജനറേഷൻ സഭകളെ ഐ.പി.സിയുടെ ഏഴയലത്ത് അടുപ്പിക്കില്ല എന്ന് കേരള സ്റ്റേറ്റ് കൗൺസിൽ തീരുമാനിച്ചതിനെതിരെ കെ.സി.ജോൺ പ്രസ്താവന പുറപ്പെടുവിച്ചിരുന്നു. സ്റ്റേറ്റ് കൗൺസിലിന് ഇങ്ങനെയൊരു തീരുമാനമെടുക്കാൻ അധികാരമില്ല എന്നാണ് കെ.സി. പറഞ്ഞത്. മാത്രമല്ല, ന്യൂ ജനറേഷൻ സഭകൾക്ക് ഐ.പി.സിയിലേക്കു സ്വാഗതം എന്നും പറഞ്ഞു. കെ.സി. ജോണിന്റെ പ്രഖ്യാപിത ശിങ്കിടിയായ ജോയി താനവേലിൽ ഒരുപടികൂടി കടന്ന് ന്യൂജനറേഷൻ സഭകളും ഐ.പി.സിയും തമ്മിൽ വ്യത്യാസമില്ലെന്നും പ്രഖ്യാപിച്ചു. ഇത്തരമൊരു പശ്ചാത്തലത്തിൽ കൂടിയ ജനറൽ കൗൺസിൽ ഈ വിഷയം ചർച്ച ചെയ്യുകയും താഴെ പറയുന്ന തീരുമാനങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു.

ഐ.പി.സിയുടെ ഭരണഘടനയിൽ പറയുന്ന വിശ്വാസപ്രമാണങ്ങൾ അംഗീകരിക്കുന്ന പ്രസ്ഥാനങ്ങൾക്ക് ചില നിബന്ധനകൾക്കു വിധേയമായി ഐ.പി.സിയിൽ അഫിലിയേഷൻ നൽകാം. ഐ.പി.സിയുടെ വിശ്വാസപ്രമാണം അംഗീകരിക്കുക മാത്രമല്ല, അപ്പോസ്തലൻ മുതൽ ഉപദേഷ്ടാവു വരെയുള്ള അഞ്ചുതരം ശുശ്രൂഷകർ ദൈവസഭയിൽ ഉണ്ടെന്ന് അംഗീകരിക്കയും അതനുസരിച്ച് പ്രവർത്തിക്കയും വേണം. (ബ്രദർ പ്രളയം പോരാ എന്നു ചുരുക്കം). ഒരു വർഷത്തേക്കായിരിക്കും അഫിലിയേഷൻ. അതിന് നിശ്ചിത ഫീസ് നൽകണം. അഫിലിയേഷൻ വർഷംതോറും പുതുക്കാവുന്നതാണ്. ഐ.പി.സിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവരം ബോർഡിലും മറ്റും എഴുതണം. പക്ഷേ ഐ.പി.സിയുടെ ലോക്കൽ സഭകൾക്കുള്ള അധികാരങ്ങൾ അഫിലിയേറ്റ് ചെയ്ത പ്രസ്ഥാനങ്ങൾക്ക് ഉണ്ടായിരിക്കയില്ല. ഐ.പി.സിയുടെ ലേബലിൽ പണം പിരിക്കാനും പാടില്ല. ചുരുക്കത്തിൽ, ബ്രദർ തങ്കുവിനും ബ്രദർ തോമസ്കുട്ടിക്കും ഐ.പി.സിയുമായി അഫിലിയേറ്റ് ചെയ്യാൻ പറ്റില്ല. ഫലത്തിൽ കെ.സിക്ക് പാര, ഹിമാലയൻ പരാജയം.

## ഡിഫെൻഡറിന്റെ സൈറ്റിന് സ്വീകാര്യത വർദ്ധിക്കുന്നു

ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ സന്ദർശകരുടെ തിരക്ക് അനുദിനം വർദ്ധിക്കുന്നു. ശരാശരി സന്ദർശകരുടെ എണ്ണം ഇപ്പോൾ പ്രതിദിനം രണ്ടായിരത്തിലധികമാണ്. മറ്റൊരു മലയാള പെന്തക്കോസ്ത് പ്രസിദ്ധീകരണത്തിനും ലഭിക്കാത്ത പ്രചാരമാണിത്. ഡിഫെൻഡർ ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കുന്നത് ഒന്ന്, 16 തീയതികളിലാണ്. ആദ്യ ദിവസങ്ങളിൽത്തന്നെ സന്ദർശകരുടെ എണ്ണം 5000 കവിയും. ഓരോ ലക്കവും ഏകദേശം 30,000 ആളുകൾ ഇപ്പോൾ വായിക്കുന്നുണ്ട്. ഈ സംഖ്യ അനുദിനം ഉയരുകയുമാണ്.

സന്ദർശക ബാഹുല്യം നിമിത്തം പലപ്പോഴും ബാന്റ്വിഡ്ത്ത് തികയാതെ വരാറുണ്ട്. അതുകൊണ്ട് പലവട്ടം ബാന്റ്വിഡ്ത്ത് വർദ്ധിപ്പിക്കേണ്ടതായി വന്നു. ഇപ്പോൾ 100 ജി.ബി പ്രതിമാസ ബാന്റ് വിഡ്ത്തുള്ള സേർവറിലാണ് ഡിഫെൻഡറിന്റെ സൈറ്റ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് ആയിരക്കണക്കിന് ആളുകൾക്ക് ഒരേസമയം സൈറ്റ് സന്ദർശിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നില്ല. ഡിഫെൻഡറിന്റെ ഓരോ എഡിഷനും കൃത്യമായി അപ്‌ലോഡ് ചെയ്യുന്നതുകൊണ്ട് വായനക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നുമില്ല. മറ്റു പത്രങ്ങൾ പ്രധാന വാർത്ത മാത്രം ഇന്റർനെറ്റിൽ കൊടുക്കുമ്പോൾ ഡിഫെൻഡർ പൂർണ്ണരൂപത്തിൽ ഇന്റർനെറ്റിൽ ലഭ്യമാണെന്നതും എടുത്തു പറയേണ്ട സവിശേഷതയാണ്. സത്യം തുറന്നു പറയാൻ ഡിഫെൻഡർ കാണിക്കുന്ന ധൈര്യമാണ് ഡിഫെൻഡറിന്റെ സൈറ്റിന് ഇത്രയധികം സ്വീകാര്യത ലഭിക്കാൻ കാരണം. അമേരിക്കയിൽ ഡിഫെൻഡറിന്റെ സ്വാധീനം എത്രത്തോളമുണ്ടെന്ന് കെ.സി. ജോൺ, മോഷണായി തുടങ്ങിയവർ ഈയിടെ അനുഭവിച്ചറിയുകയുണ്ടായി.

## മെയിലിംഗ് ലിസ്റ്റ് പുതുക്കി

ഡിഫെൻഡറിന്റെ ജനപ്രീതി അനുദിനം വർദ്ധിച്ചു വരുകയാണ്. തന്മൂലം കോപ്പികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് വരുത്തേണ്ടതായി വന്നിരിക്കുന്നു. ഭാരിച്ച സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാൻ ഇതു കാരണമായി. ഈ നിലയിൽ തുടരാൻ പറ്റില്ല. അതുകൊണ്ട് കോപ്പികളുടെ എണ്ണം ഒരു നിശ്ചിത പരിധിക്കുള്ളിൽ നിയന്ത്രിച്ചു നിർത്താൻ തീരുമാനിക്കയാണ്. ഇതിന്റെ ഭാഗമായി ഡിഫെൻഡറിന്റെ മെയിലിംഗ് ലിസ്റ്റ് പുതുക്കി. ഈ ലക്കം മുതൽ പുതിയ മെയിലിംഗ് ആണ് ഉപയോഗിക്കുന്നത്. വരിസംഖ്യ നൽകാത്തവരേയും കുടിശ്ശികയുള്ളവരേയും ഒഴിവാക്കി. ഡിഫെൻഡർ ലഭിക്കാൻ ആഗ്രഹമുള്ളവർ വരിസംഖ്യയായ 100 രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ മണിയോർഡർ അയയ്ക്കുക. വെറുതെ കത്തയയ്ക്കയോ ഫോൺ വിളിക്കയോ ചെയ്താൽ ഡിഫെൻഡർ ലഭിക്കില്ല.

## കാമദേവൻ കിളവനായി





ഇതോടൊപ്പമുള്ള ഫോട്ടോകൾ ശ്രദ്ധിക്കുക: അപ്പനും മകനുമാണെന്നു തോന്നുന്നെങ്കിൽ തെറ്റി. രണ്ടും ഒരാൾ തന്നെ. നരച്ചമുടി ഡൈ ചെയ്ത് പച്ചക്കാമദേവനായി കഴിഞ്ഞ മാസം വരെ വിലസിയ കെ.സിയാണ് ആദ്യഫോട്ടോയിലുള്ളത്. ഡൈ ചെയ്യുന്ന പരിപാടി നിർത്തിയതോടെ വയസ്സറിയിച്ച കെ.സിയാണ് രണ്ടാമത്തെ ഫോട്ടോയിലുള്ളത്. ദുർവ്വാസ്സാവിന്റെ ശാപം മൂലം ദേവൻമാർക്ക് ജരാനര ബാധിച്ചു എന്നൊരു കഥയുണ്ട്. ആരുടെ ശാപംകൊണ്ടോ, കെ.സി.ജോണിനും ഈയിടെ ജരാനര ബാധിച്ചു. ഏതാനും വർഷം കൊണ്ട് നരബാധിക്കുകയല്ല ചെയ്തത്, യാതൊരു മുന്നറിയിപ്പും കൂടാതെ, 'അർജന്റായി' നരയ്ക്കുകയായിരുന്നു. ഇതു രോഗമാണോ? ഇതിനു മരുന്നുണ്ടോ? സംശയങ്ങൾ ബാക്കി.

ഇത് ഒരു രോഗമാണെന്നതിനു സംശയമില്ല. പക്ഷേ നരച്ചതല്ല രോഗം, നരച്ച മുടി ഡൈ ചെയ്തു കറുപ്പിച്ച് സിംപ്ലനായി നടന്നതാണ് രോഗം. കഴുതയേപ്പോലുള്ള ചില മൃഗങ്ങൾ ഈ രോഗത്തിന് ഒരു ചികിത്സയും കണ്ടുപിടിച്ചിട്ടുണ്ട്: കഴിയുന്നത്ര ഉച്ചത്തിലും ശക്തിയിലും കരയുക. അതോടെ രോഗത്തിന് ശമനമുണ്ടാകും. പക്ഷേ കെ.സിക്ക് ഈ മരുന്ന് വലിയ ഫലമൊന്നും ചെയ്തിരുന്നില്ല. അതുകൊണ്ട് അമ്മായിയമ്മ ഉൾപ്പെടെ, കണ്ണിൽപ്പെട്ട എല്ലാ സ്ത്രീകളിലും കാളകൂടപ്രയോഗം നടത്തിയാണ് ഈ വിദ്വാൻ രോഗശമനം വരുത്തിയിരുന്നത്. നാലു പതിറ്റാണ്ടിലേറെക്കാലമായി തുടർന്നുവരുന്ന ഈ കലാപരിപാടി അലങ്കോലമാക്കിയത് ഡിഫെൻഡറാണ്. അരമനരഹസ്യം ഡിഫെൻഡർ അമേരിക്കയിൽ പാട്ടാക്കിയതറിയാതെയാണ് ഈ പരമ പുണ്യാളൻ രണ്ടുമാസം മുൻപ് അമേരിക്കയിലെത്തിയത്.

ഐ.പി.സി. ഫാമിലി കോൺഫ്രൻസിലും പിണ്ണാക്ക് സമ്മേളനത്തിലും ചില മിനിട്ടുകൾ സംസാരിച്ചെങ്കിലും പ്രസംഗം നനഞ്ഞ പടക്കംപോലെ ചീറ്റി. കെ.സി.ജോൺ എന്ന ചങ്ങാതി ഒന്നാംതരം വ്യഭിചാരിയാണെന്ന വസ്തുത ഡിഫെൻഡറിലൂടെ അറിഞ്ഞ അമേരിക്കൻ മലയാളികൾ കെ.സി.ജോണിനെ ബഹിഷ്ക്കരിച്ചു. ഇത്തരമൊരു പ്രതികരണം ഈ വിശുദ്ധൻ പ്രതീക്ഷിച്ചിരുന്നില്ല. അമേരിക്കൻ മലയാളികളുടെ ഇടയിൽ ഡിഫെൻഡറിന് ഇത്രത്തോളം സ്വാധീനമുണ്ടെന്ന് കെ.സി.ജോൺ അറിഞ്ഞിരുന്നില്ല. എന്താണു പോംവഴി? കെ.സി. ജോൺ തലപുകച്ച് ആലോചിച്ചു. അപ്പോൾ ഒരു പോംവഴി തെളിഞ്ഞുവന്നു: തലയുടെ ഷേപ്പ് മാറ്റുക. കാമദേവന്റെ വേഷം അഴിച്ചുവയ്ക്കുക. വയസ്സറിയിക്കുക. നരച്ചുകുരച്ചു നിൽക്കുന്ന ഈ കിളവൻ വ്യഭിചരിച്ചു എന്ന് ഡിഫെൻഡർ പറഞ്ഞാലും ജനം വിശ്വസിക്കില്ല.

എന്തെങ്കിലുമൊന്നു ചെയ്യാൻ നിശ്ചയിച്ചാൽ പിന്നെ വച്ചു താമസിപ്പിക്കുന്ന പരിപാടി കെ.സിക്കില്ല. ഉടൻ പദ്ധതി പ്രാവർത്തികമാക്കി. മുടിയിൽ ചായം തേയ്ക്കുന്ന പരിപാടി നിർത്തി. ഏതാനും ദിവസങ്ങൾക്കകം കെ.സി. ജോൺ വന്ദ്യവയോധികനായി, കിഴവനായി, സർവ്വസംഗ പരിത്യാഗിയായി. അമേരിക്കയിൽ നിന്നു തിരിച്ചെത്തിയ കെ.സി.ജോണിനെ ഭാര്യപോലും തിരിച്ചറിഞ്ഞില്ല എന്നു കേൾക്കുന്നു. എങ്കിലും ഒരു സംശയം ബാക്കി നിൽക്കുന്നു: അണ്ണാൻ മൂത്താലും മരംകയറ്റം നിർത്തുമോ? കെ.സിക്ക് വ്യഭിചാരം നിർത്താൻ കഴിയുമോ?

ദി ഡിഫെൻഡർ

Vol. No.11 Issue No. 16 2008 August 16

# വിവരമില്ലാതായാൽ

ബൈബിളിൽ വിവിധതരം കൃപാവരങ്ങളേക്കുറിച്ചു പറയുന്നുണ്ട്. ഈ വരങ്ങളെല്ലാം പ്രാപിച്ചാലും 'വി'വരം ഇല്ലാതെപോയാൽ പ്രയോജനമില്ല. പരിശുദ്ധാത്മസ്നാനം പ്രാപിച്ചവരാണെന്നും ഒരു കൃപാവരത്തിലും കുറവില്ലാത്തവരാണെന്നും മറ്റും അവകാശപ്പെടുന്ന പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷത്തിനും വിവരം അശ്ശേഷമില്ലെന്നത് ഒരു വസ്തുതയാണ്.

ഐ.പി.സി, ശാരോൻ, എ.ജി തുടങ്ങിയ ചാരിറ്റബിൾ സൊസൈറ്റികൾ ദൈവസഭയാണെന്ന് ഇവർ ധരിച്ചുവച്ചിരിക്കുന്നു. ഈ സംഘടനകളുടെ നേതൃസ്ഥാനത്തുള്ളവർ ദൈവദാസൻമാരാണെന്നും അഭിഷിക്തൻമാരായ ഇവർക്കെതിരെ പ്രതികരിച്ചാൽ ദൈവം കോപിക്കുമെന്നും വിശ്വസിക്കുന്നു. നേതാക്കൻമാർ പാപം ചെയ്താൽ ദൈവത്തിനു മാത്രമേ ചോദിക്കാൻ അധികാരമുള്ളൂ എന്നു പഠിപ്പിക്കുന്നു. നേതാക്കൻമാർ തലയിൽ കൈവച്ചാൽ ഓർഡിനേഷൻ കിട്ടുമെന്നും ഇവർ കരുതുന്നു. ഇതിനൊക്കെ വചനത്തിൽ അടിസ്ഥാനമുണ്ടെന്നാണ് പെന്തക്കോസ്തുകാരുടെ ധാരണ.

വിശ്വാസി, പ്രാദേശികസഭ, ആകമാനസഭ എന്നിവയ്ക്കു മാത്രമേ ദൈവവചനത്തിൽ അടിസ്ഥാനമുള്ളൂ. ഐ.പി.സി., ശാരോൻ, എ.ജി തുടങ്ങിയതൊന്നും ദൈവീക പദ്ധതിയിലുള്ളതല്ല, ദൈവീകവുമല്ല. ഇവ വെറും ചാരിറ്റബിൾ സൊസൈറ്റികൾ മാത്രമാണ്. ഈ സംഘടനയുടെ നേതാവായതുകൊണ്ടുമാത്രം ആരും ദൈവദാസനാകുന്നുമില്ല. ഈ നേതാക്കൻമാരിൽ നിന്ന് ഓർഡിനേഷൻ വാങ്ങുമ്പോൾ ദൈവീകമായ ഒരു അധികാരവും ലഭിക്കയില്ല.

പുതിയനിയമസഭയിലെ അംഗങ്ങളെല്ലാം പുരോഹിതരാണ്, അഭിഷിക്തരുമാണ്. പാസ്റ്റർമാർക്ക് പ്രത്യേക അഭിഷേകമൊന്നും ലഭിക്കുന്നില്ല. ദൈവജനത്തെ ദൈവം ഭരമേല്പിച്ചിരിക്കുന്ന ശുശ്രൂഷകൾ ചെയ്യാൻ അവരെ പരിശീലിപ്പിക്കുക എന്നതാണ് അപ്പോസ്തലൻ മുതൽ ഉപദേഷ്ടാവു വരെയുള്ള ശുശ്രൂഷകരുടെ ജോലി (എഫേ.4:11-12). എത്ര വലിയ നേതാവ് തെറ്റുചെയ്താലും വിശ്വാസികൾക്ക് അതിനെതിരെ പ്രതികരിക്കാം, പ്രതികരിക്കണം. പാപത്തിനെതിരെ പ്രതികരിച്ചതുകൊണ്ട് അനുഗ്രഹമേ ഉണ്ടാകൂ, ഒരുവിധത്തിലുള്ള ശാപവും ഉണ്ടാകുകയില്ല. പക്ഷേ ഈ വസ്തുതകളൊന്നും മനസ്സിലാക്കാൻ സഭാനേതാക്കൻമാർ വിശ്വസികളെ അനുവദിക്കാറില്ല. അതുകൊണ്ട് വിശ്വാസികൾ വിവരംകെട്ടവരായി ജീവിതം കഴിച്ചുകൂട്ടുകയാണ്.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

വിദേശം: (വാർഷിക വരിസംഖ്യ)

അമേരിക്ക: 30 ഡോളർ

മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**

**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**

**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# സത്യം സത്യമായി

ഗതികിട്ടാപ്രേതം എന്നൊക്കെ കേട്ടിട്ടുണ്ടെങ്കിലും അത്തരമൊരെണ്ണത്തിനെ കേരളം കാണുന്നത് ആദ്യമായിട്ടായിരിക്കും. തലചായ്കാൻ ഒരു ഇടമില്ലാതെ, ആർക്കും വേണ്ടാത്തവനായിട്ട് അലഞ്ഞു നടക്കുക എന്നൊക്കെ പറഞ്ഞാൽ അത് അത്യന്തം ഭീകരമായ ഒരു സ്ഥിതിവിശേഷമാണ്. ഇപ്പോൾ പുത്രൻജിയും മാന്യദേഹത്തിന്റെ പാർട്ടിയും ഈ സ്ഥിതിയിലാണെന്നു പറഞ്ഞാൽ ആരും തലകുലുക്കി സമ്മതിച്ചുപോകും. ഒരു കാരണവും കൂടാതെ കോൺഗ്രസ്സിൽ കലഹമുണ്ടാക്കി പുറത്തായി. എൻ.സി. (ഐ) എന്നൊരു പാർട്ടിയുണ്ടാക്കി. ആഴ്ചകൾ കഴിഞ്ഞപ്പോൾ പേരുമാറ്റി ഡി.ഐ.സി. (കെ.) ആയി. യു.ഡി.എഫിനെ തറപറ്റിക്കയാണ് പരമമായ ലക്ഷ്യം എന്നു പ്രഖ്യാപിച്ചു. ഇടതുപക്ഷം രണ്ടുകൈയ്യും നീട്ടി സ്വീകരിക്കുമെന്നായിരുന്നു പ്രതീക്ഷ. പക്ഷേ അവർ അത്തരമൊരു വിഡ്ഢിത്തം കാണിച്ചില്ല. അപ്പോൾ ഒരു ഉളുപ്പും കൂടാതെ യു.ഡി.എഫിൽ മടങ്ങിയെത്തി. തെരഞ്ഞെടുപ്പിൽ തോറ്റു തൊപ്പിയിട്ടു. ഉടൻതന്നെ വീണ്ടും യു.ഡി.എഫ് വിരോധം കലശലായി. ഇടതുപക്ഷത്തിന്റെ കനിവിനായി സകല വാതിലും മുട്ടി. ഫലമുണ്ടായില്ല. ഇടതുമന്നണിയിൽ അംഗത്വമുള്ള എൻ.സി.പിയിൽ, പരകായ പ്രവേശം എന്ന ചെപ്പടിവിദ്യയിലൂടെ കയറിപ്പറ്റി രക്ഷപ്പെടാൻ ശ്രമിച്ചു. ആ വിദ്യയും ഫലിച്ചില്ല. എൻ.സി.പി ഇടതുമുന്നണിയിൽ നിന്നു പുറത്തായതുമിച്ചം.

യു.ഡി.എഫിനെ നിരന്തരം ഭള്ളുപറഞ്ഞ് എൽ.ഡി.എഫിന്റെ പ്രീതി പിടിച്ചുപറ്റാനായി പിന്നീടുള്ള ശ്രമം. പക്ഷേ ഇടതു പക്ഷം മൈന്റ് ചെയ്തില്ല. നിലയില്ലാക്കയത്തിലേക്കാണു പോക്കെന്നു വ്യക്തമായപ്പോൾ ലീഡർജി തടിതപ്പി. അതോടെ പ്രിയ പുത്രൻ പിതാജിയെ തള്ളിപ്പറഞ്ഞ് സ്വയം വിശുദ്ധനായി. എന്നിട്ടും ഇടതുപക്ഷം കനിഞ്ഞില്ല. പിതാജിയേയും യു.ഡി.എഫിനേയും എത്ര ശക്തിയിൽ ശകാരിച്ചാലും ഇടതുപക്ഷം കനിയുകയില്ല എന്ന് വ്യക്തമായതോടെ പുത്രൻ പ്ലേറ്റ് തിരിച്ചുവച്ചു. നേരെ ചെന്ന് പിതാവിനെ കണ്ടു. അനുഗ്രഹം വാങ്ങി. ഇനി യു.ഡി.എഫിലേക്കു മടങ്ങണം. പക്ഷേ ഒരു പ്രശ്നം: ഇവിടത്തെ കോൺഗ്രസ്സുകാർ സമ്മതിക്കുന്നില്ല. അതുകൊണ്ട് ഡൽഹിയിൽ പ്രതീക്ഷ അർപ്പിച്ചിരിക്കയാണ് മാന്യദേഹം. നേതാവായ പവാർ സ്വന്തം പവ്വർ ഉപയോഗിച്ച് മദാമ്മയെ വളയ്ക്കുമെന്നും അങ്ങനെ തലചായ്ക്കാൻ ഒരു ഇടം കിട്ടുമെന്നുമുള്ള പ്രതീക്ഷയിലാണ് പാവം പ്രേതം.

എൻ.സി.പിയെ യു.ഡി.എഫിൽ എടുക്കുമോ? ഡൽഹിയിൽ എൻ.സി.പി ഇപ്പോൾത്തന്നെ കോൺഗ്രസ്സിനൊപ്പമാണ്. ആ സ്നേഹം തെക്കേയറ്റം വരെ നീട്ടാൻ കോൺഗ്രസ്സ് തയ്യാറായാൽ പ്രേതങ്ങൾക്കു പുതുജീവനുണ്ടാകും. കോൺഗ്രസ്സിന്റെ കാര്യമായതുകൊണ്ട് ഒന്നും പറയാനാവാത്ത സ്ഥിതിയാണ്. ഭരണത്തിൽ കടിച്ചുതൂങ്ങാൻ ഏതു ചെകുത്താനുമായും കൂട്ടുകൂടും. അതുകൊണ്ട് കേരളത്തിലെ എൻ.സി.പി അടുത്ത തെരഞ്ഞെടുപ്പിനു മുൻപായി യു.ഡി.എഫിൽ കയറിപ്പറ്റിയേക്കാം.

പിളർന്നു, പിളർന്നില്ല എന്ന പരുവത്തിൽ നിൽക്കുകയാണ് ജോസഫിന്റെ കെ.കോ. പഴയ ഐ.എഫ്.ഡി.പി ശിങ്കങ്ങളും സുരേന്ദ്രൻ പിള്ളയേപ്പോലുള്ള ചില അസംതൃപ്തരും പി.സി.തോമസിനൊപ്പമുണ്ട്. ഇടതുപക്ഷം അവർക്ക് മൗനാനുവാദം കൊടുക്കുകയും ചെയ്യുന്നു. സംഗതി ഇങ്ങനെയിരിക്കുമ്പോൾ കടുത്ത നടപടിക്കു മുതിരുന്നതു ബുദ്ധിയല്ല. ഇടതുപക്ഷം തോമസിനെ പിൻതുണച്ചാൽ ജോസഫ് ഗ്രൂപ്പിന്റെ സ്ഥിതി എൻ.സി.പിയുടേതിനേക്കാളും കഷ്ടമാകും. അതൊഴിവാക്കാനാണ് ശ്രമം.

രാഷ്ട്രീയക്കാർ തോറ്റുപോകുന്ന വിധത്തിലുള്ള കളിയാണ് ഐ.പി.സി എന്ന ഇന്ത്യൻ പെന്തക്കോസ്ത് സഭയിൽ നടക്കുന്നത്. അധികാരത്തിന്റെ അപ്പക്കഷണങ്ങൾക്കായി സകല ശുനകൻമാരും കടിപിടികൂട്ടുകയാണ്. ടി.എസ് പക്ഷം, കെ.സി പക്ഷം എന്നിങ്ങനെ രണ്ടു പക്ഷമായി തിരിഞ്ഞാണ് വിശുദ്ധയുദ്ധം. പത്രക്കാരും ചേരിതിരിഞ്ഞുകഴിഞ്ഞു. ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം കസേര എന്നതാണ് പത്രക്കാരുടെ മുദ്രാവാക്യം. പത്രത്തിന്റെ പിന്നിലെ പ്രധാന ദിവ്യന് മിനിമം ഒരു സീറ്റ് നൽകുന്നവനു കീ ജെയ് വിളിക്കും. അഭിമുഖം, അഭിപ്രായം, അനുബന്ധം, വായനക്കാരന്റെ കത്ത്, സപ്ലിമെന്റ്, കിത്താബ്, ഒലക്കേടെമൂട് തുടങ്ങി വിവിധ രൂപത്തിലും ഭാവത്തിലും പരസ്യങ്ങൾ വന്നു തുടങ്ങി. ഇവന്റെയൊക്കെ നവദ്വാരങ്ങളിലും എന്തെല്ലാംവിധത്തിലുള്ള ആലുകൾ കിളിർക്കുമെന്നേ ഇനി അറിയാനുള്ളൂ.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോട് പറയും. അന്ന് ഞാൻ അവരോട്: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്ന് തീർത്തുപറയും. ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യനാകുന്നു. വൻമഴ ചൊരിഞ്ഞ് നദികൾ പൊങ്ങി കാറ്റടിച്ച് ആ വീടിൻമേൽ അലച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകുകയാൽ വീണില്ല. മത്താ. 7:22-25

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**

**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**

**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542

ഫോൺ: **0484-3232356. Mob: 9447414608**

# എ.ഷാജിയെ സൂക്ഷിക്കുക



അസംബ്ലീസ് ഓഫ് ഗോഡിന്റെ മേഖലാ ഡയറക്ടറും കൗൺസിൽ അംഗവും മറ്റു പലതുമായ എ.ഷാജിയെ സൂക്ഷിക്കുക. ഈ വിദ്വാന്റെ കയ്യിലിരുപ്പ് ശരിയല്ല.

ആദ്യകാലത്ത് അത്ര കുഴപ്പക്കാരനായിരുന്നില്ല എ. ഷാജി. പക്ഷേ രാഷ്ട്രീയത്തിലേക്കിറങ്ങുകയും സ്ഥാനമാനങ്ങൾ നേടുകയും ചെയ്തതോടെ അഹങ്കാരം മൂത്ത് ഈ സ്ഥിതിയിലായതാണ്. ഇപ്പോൾ അല്ലറചില്ലറ എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസൊക്കെയുണ്ട്.

ഡിസംബർ 28ന് ഷാജി എവിടെയായിരുന്നു എന്ന് കഴിഞ്ഞലക്കം ഡിഫെൻഡറിൽ ചോദിച്ചിരുന്നു. ഈ ലക്കം ഡിഫെൻഡർ പ്രസ്സിൽ കൊടുക്കുന്നതുവരെ ഈ ചോദ്യത്തിനു ഷാജി മറുപടി പറഞ്ഞിട്ടില്ല. അത്ര എളുപ്പത്തിൽ മറുപടി പറയാവുന്ന ഒരു ചോദ്യമല്ല ഇത് എന്നതുതന്നെ കാരണം. ഇത്രയുമൊക്കെ പറഞ്ഞപ്പോൾ സംഭവമെന്താണെന്ന് അറിയാൻ ഏവർക്കും ആഗ്രഹം തോന്നുക സ്വാഭാവികം.

കഴിഞ്ഞ ഡിസംബർ 28 രാത്രിയിൽ, ഏകദേശം ഒൻപതു മണിക്ക്, തൊടുപുഴയ്ക്കു സമീപമുള്ള ഒരു എ.ജി സഭയിലെ പാസ്റ്റർക്ക് ഒരു ഫോൺ വന്നു. വിളിച്ചത് പാസ്റ്ററുടെ ഭാര്യയാണ്. എ.ജിയുടെ എന്തോ ഒരു സമ്മേളനത്തിൽ പങ്കെടുക്കാൻ പോയിരിക്കയാണ് മാന്യ വനിത. എല്ലാം കഴിഞ്ഞ് വൈകിട്ട് 10 മണിയാകുമ്പോൾ തൊടുപുഴയിൽ എത്തേണ്ടതാണ്. ഭാര്യ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: തിരുവനന്തപുരത്തുനിന്നു വന്ന വണ്ടിയിൽ തൊടുപുഴയ്ക്കു വരുന്ന വഴിക്ക് വണ്ടി കേടായി. അതുകൊണ്ട് അല്പം താമസിച്ചു മാത്രമേ വീട്ടിലെത്തൂ. പക്ഷേ പേടിക്കേണ്ട. എ. ഷാജി പാസ്റ്റർ കൂടെയുണ്ട്.

ഇതിലെന്താണു കുഴപ്പം എന്നു ചോദിച്ചേക്കാം. അല്പം കുഴപ്പമുണ്ട്. എറണാകുളത്തു താമസിക്കുന്ന എ.ഷാജി എന്തിന് തോടുപുഴയ്ക്കുള്ള ബസ്സിൽ കയറി? കഥ അവിടെകൊണ്ടു തീരുന്നില്ല.

അടുത്ത സംഭവം നടക്കുന്നത് എ.ജി (പുനലൂർ) കൺവെൻഷൻ നടക്കുന്ന സമയത്താണ്. മേല്പടി വീരവനിത പുനലൂരിന് അടുത്തുള്ള ഒരു സ്ഥലത്താണ് ക്യാമ്പ് ചെയ്തിരിക്കുന്നത്. ഒരു ദിവസം കൺവെൻഷൻ കഴിഞ്ഞ് എ.ഷാജി ഈ സ്ത്രീയെ ഫോണിൽ വിളിക്കുന്നത് ഒരാളുടെ ശ്രദ്ധയിൽ പെട്ടു. രാത്രിയിലുള്ള സംഭാഷണമാകയാൽ സ്വാഭാവികമായും മേല്പടി സഹോദരൻ ശ്രദ്ധിച്ചു. ഷാജി ഉടൻ തന്നെ ആ സ്ത്രീയുടെ അടുത്തേക്കു പോകുമെന്നു വ്യക്തമായി. അതുകൊണ്ട് ആ സഹോദരൻ തന്റെ സുഹൃത്തുക്കളെ വിവരമറിയിച്ചു. ഷാജി ബൈക്കിൽ ആ സ്ത്രീയുടെ വീട്ടിലെത്തിയപ്പോൾ സ്വീകരിക്കാൻ കുറെ യുവാക്കൾ റെഡിയായി നിൽപ്പുണ്ടായിരുന്നു. ഏതായാലും വലിയ കുഴപ്പമൊന്നും കൂടാതെ ഷാജി സ്ഥലംവിട്ടു.

കോലഞ്ചേരി ആശുപത്രിയിൽ കിടക്കുന്ന ഒരു രോഗിയെ കാണാൻ ഇരുവരും ഒരുദിവസം എത്തി. വന്നതും പോയതും ഒന്നിച്ച്. ഇതെന്തു മറിമായം? എറണാകുളത്തു താമസിക്കുന്ന ഷാജിയും തൊടുപുഴയിലുള്ള സ്ത്രീയും ഒന്നിച്ച് ആശുപത്രിയിലെത്തിയതെങ്ങനെ?

# സ്റ്റാൻലിക്കു വെളി(ച്ച)പ്പാട്

സ്റ്റാൻലി കുമളി എന്ന പേരിൽ അറിയപ്പെടുന്ന ഒരു അടിപൊളി ഗായകനുണ്ട്. കൺവെൻഷൻ, ഉപവാസപ്രാർത്ഥന തുടങ്ങിയവയിലെ ആരാധന കൊട്ടേഷൻ എടുത്ത് നടത്തിക്കൊടുക്കുന്ന ആളാണ് സ്റ്റാൻലി. അന്യഭാഷ ഉൾപ്പെടെ എല്ലാ പരിപാടികളും സഹിതമുള്ള ആരാധന സ്റ്റാൻലി നടത്തിക്കൊടുക്കും. പക്ഷേ ഒരു പ്രശ്നം: മഴക്കാലത്ത് കാര്യമായ പണിയില്ല.

വെറുതെ ഇരുന്നു മടുത്തപ്പോൾ സ്റ്റാൻലി പുതിയൊരു തന്ത്രവുമായി രംഗത്തിറങ്ങി. സംഗതി സിമ്പിൾ. ഏതെങ്കിലും ഒരു പ്രദേശത്തുള്ള ഒരു പാസ്റ്ററെ ഫോണിൽ വിളിക്കും. ഉദാഹരണത്തിന് തൃശൂർ എന്നിരിക്കട്ടെ. തൃശൂരുള്ള പാസ്റ്ററെ വിളിച്ച് സ്റ്റാൻലി പറയും: "പാസ്റ്ററെ, തൃശൂരിലുള്ള ദൈവമക്കളോടു പറയാൻ കർത്താവ് എന്നെ ഒരു ദൂത് ഏല്പിച്ചിട്ടുണ്ട്. അതുകൊണ്ട് അടുത്ത ഞായറാഴ്ച സഭായോഗത്തിന് ഞാൻ അങ്ങോട്ടുവരും". കർത്താവ് ഏല്പിച്ച ദൂതുമായി വരുന്ന ആളോട് "വേണ്ട" എന്നു പറയാൻ പറ്റുമോ? അങ്ങനെ സ്റ്റാൻലി വരും, പാടും, പ്രവചിക്കും, വിവരംകെട്ട വിശ്വാസികൾ ഇളകിയാടും. ഒടുവിൽ സ്റ്റാൻലിയുടെ പോക്കറ്റ് നിറയും. കുശാൽ. മറ്റു കള്ളൻമാരും ഈ വിദ്യ പ്രയോഗിച്ചാൽ പഞ്ഞക്കർക്കിടകത്തിൽ അഷ്ടിക്കു മുട്ടുവരില്ല.

# സ്മരണിക ഭേഷാകും

തൃശൂരിൽ പെന്തക്കോസ്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് 75 വർഷമായത്രേ. ആയിക്കോണും. പക്ഷേ ഇത് അത്ര നിസ്സാരമായി പറഞ്ഞുവിടാൻ തൃശൂരിലുള്ളവർ തയ്യാറല്ല. ശരിക്ക് ആഘോഷിക്കണം. അങ്ങനെ അവർ ഒത്തുകൂടി. പല തീരുമാനങ്ങളും എടുത്തു. അവയിൽ ഒന്നാണ് സ്മരണിക. തൃശൂരിലെ പെന്തക്കോസ്തിന്റെ ചരിത്രമായിരിക്കും സ്മരണികയിലെ പ്രധാന ഐറ്റം. പക്ഷേ ഒരു പ്രശ്നം. ഉദ്ദേശിച്ച സ്ഥാനമാനങ്ങൾ കമ്മറ്റിയിലും മറ്റും ലഭിക്കാത്ത ചില സെന്റർ പാസ്റ്റർമാരും മറ്റു ദിവ്യൻമാരും ഇടഞ്ഞിരിക്കയാണ്. തങ്ങളേക്കുറിച്ച് സ്മരണികയിൽ പരാമർശിക്കാൻ പോലും പാടില്ല എന്നാണ് അവർ ശഠിക്കുന്നത്. കാര്യങ്ങൾ ഇങ്ങനെ പോയാൽ സ്മരണിക കൈവെയ്പ്പിലെത്തും.

# രാജു അച്ചൻ അച്ചനായിരുന്നു

രാജു അച്ചനെ അറിയാമോ എന്ന് കഴിഞ്ഞലക്കം ഡിഫെൻഡറിൽ ചോദിച്ചതു കണ്ട് പലരും വിവരങ്ങൾ നൽകുകയുണ്ടായി. കാര്യമായ വിദ്യാഭ്യാസമൊന്നുമില്ലാത്ത ഇദ്ദേഹം യാക്കോബായ സഭയിലെ സുവിശേഷകനായിരുന്നു. പിന്നീട് പട്ടം കിട്ടി അച്ചനായി. ചില പള്ളികളിൽ അച്ചനായിരുന്നു. ഏതാനും വർഷം മുൻപ് സ്നാനപ്പെട്ടു. ഇത്രയും വിവരങ്ങൾ ശരി. ഇനി അറിയാനുള്ളത് ഇദ്ദേഹം എന്തുകൊണ്ടു സ്നാനപ്പെട്ടു എന്നാണ്. അതേപ്പറ്റി ഡിഫെൻഡർ അന്വേഷിച്ചുവരുന്നു.

# എ.ജിയുടെ ഇണ്ടാസിനു സ്റ്റേ

എൻ.ജി.രാജു എന്ന വ്യഭിചാരിയേക്കുറിച്ചു സഭാനേതൃത്വത്തിന് റിപ്പോർട്ട് കൊടുത്തു എന്ന മഹാപാപത്തിന് തൊടുപുഴയിലുള്ള പ്രസാദ് കോശി എന്ന പാസ്റ്ററെ ടി.ജെ.ശാമുവലും കൂട്ടരും ചേർന്ന് സഭയിൽ നിന്നു പുറത്താക്കി. സെക്ഷന്റെ ചുമതലയിൽ നടന്ന അന്വേഷണത്തിന്റെ റിപ്പോർട്ട് സെക്ഷൻ സെക്രട്ടറിയായ പ്രസാദ് കോശി പുനലൂരിലെ ദിവ്യൻമാർക്ക് നിയമാനുസൃതം അയക്കുക മാത്രമാണു ചെയ്തത്. പക്ഷേ പുനലൂരിലെ മഹാൻമാരുടെ കണ്ണിലുണ്ണിയായ എൻ.ജി.രാജുവിനെതിരെ റിപ്പോർട്ട് അയയ്ക്കുവാൻ ഒരാൾ ധൈര്യപ്പെടുക എന്നു പറയുന്നത് അക്ഷന്തവ്യമായ പാപമാണെന്ന് അറിയാത്തവർ ഈ ഭൂമിമലയാളത്തിൽ ആരാണുള്ളത്? ഏതായാലും ഇത്തരത്തിലുള്ള ഒരു മഹാപാപിയെ ഇനി എ.ജിയിൽ വച്ചു പൊറുപ്പിക്കാനാവില്ല. അതുകൊണ്ട് ഒരു ഉണ്ടാസ് തയ്യാറാക്കി പ്രസാദ് കോശിക്ക് അയച്ചുകൊടുത്തു. പ്രസാദ് കോശിയെ സഭയിൽ നിന്നു പുറത്താക്കിയിരിക്കുന്നു എന്ന സന്തോഷവാർത്ത അതിലുണ്ടായിരുന്നു.

എന്താണു ചെയ്യേണ്ടതെന്നറിയാതെ പാവം പ്രസാദ് കോശി കുഴഞ്ഞു. എ.ജിയുടെ നേതാക്കൻമാർ ഒന്നാംതരം ദൈവദാസൻമാരാണെന്നത്രേ ഈ പാസ്റ്റർ അടുത്ത ദിവസം വരെ ധരിച്ചിരുന്നത്. പക്ഷേ നേതാക്കൻമാരായ ടി.ജെ.ശാമുവൽ, ബാബു ജോർജ്, എ.ഷാജി തുടങ്ങിയവർ വെറും പിമ്പുകളാണെന്ന് വളരെ വൈകിയാണെങ്കിലും പ്രസാദ് കോശിക്കു മനസ്സിലായി. വെട്ടാൻ വരുന്ന പോത്തിനോടു വേദം ഓതിയിട്ടു പ്രയോജനമില്ലല്ലോ. അതുകൊണ്ട് പ്രസാദ് കോശി തൊടുപുഴ മുൻസിഫ് കോടതിയിൽ പരാതി കൊടുത്തു. അനീതി നടന്നു എന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യമായ കോടതി എ.ജി നേതൃത്വം എടുത്ത നടപടി താത്ക്കാലികമായി സ്റ്റേ ചെയ്തുകൊണ്ട് ഉത്തരവായി. കോടതിയിൽ നിന്ന് മറിച്ചൊരു ഉത്തരവുണ്ടാകുന്നതുവരെ എ.ജി നേതാക്കൻമാരുടെ ഇണ്ടാസിന് വിലയില്ലാതായി എന്നു ചുരുക്കം.

# മോഷണായി മടങ്ങിയെത്തി



അമേരിക്കൻ പര്യടനം വെട്ടിച്ചുരുക്കി മോഷണായി മടങ്ങിയെത്തി. ആറുമാസത്തെ വിസ ഉണ്ടായിരുന്നെങ്കിലും അമേരിക്കയിൽ വെറുതെ ഇരുന്നതുകൊണ്ടു ഫലമില്ല എന്നു ബോദ്ധ്യമായതോടെയാണ് മോഷണായി മടങ്ങാൻ തീരുമാനിച്ചത്.

ഒട്ടേറെ സ്വപ്നങ്ങളുമായാണ് ഈ ചങ്ങാതി അമേരിക്കയിലെത്തിയത്. സുഭാഷിതത്തിന് ആയിരക്കണക്കിനു വരിക്കാരെ പിടിക്കാം, പൊങ്ങപ്പോഴൻമാരുടെ സപ്ലിമെന്റുകൾ സംഘടിപ്പിക്കാം, എഡിറ്റോറിയൽ ബോർഡിൽ കുറെ പണച്ചാക്കുകളേക്കൂടി ഉൾപ്പെടുത്തി കീശ വീർപ്പിക്കാം, അടുത്ത അവാർഡ് ദാനത്തിന് കുറെ ശുംഭൻമാരെ പിടിക്കാം, സഭകളിലെല്ലാം ഓടിനടന്നു പ്രസംഗിക്കാം, അങ്ങനെ കുറച്ചധികം മോഹങ്ങളുണ്ടായിരുന്നു. പക്ഷേ ഡിഫെൻഡറിന് അമേരിക്കയിലുള്ള പ്രചാരം എത്രത്തോളമെന്ന് പാവം മോനായി അറിഞ്ഞില്ല. ഡിഫെൻഡറിലൂടെ മോനായിയെ അറിഞ്ഞ ദൈവമക്കൾ മോനായിയെ ഏഴയലത്ത് അടുപ്പിച്ചില്ല. പത്രത്തിന് ഏതാനും വരിക്കാരെ കിട്ടിയതും നാലഞ്ചു സഭകളിൽ പ്രസംഗിച്ചതും മാത്രം മിച്ചം. പെന്തക്കോസ്ത് കോൺഫ്രൻസിനു പോകാൻപോലും ധൈര്യമുണ്ടായില്ല. അങ്ങനെ വെറുതെ ഇരുന്നു മടുത്ത മോനായി രണ്ടരമാസത്തെ വിസ മിച്ചം ഉണ്ടായിരുന്നിട്ടും മടങ്ങിപ്പോന്നു.

അമേരിക്കയിൽ പാസ്റ്റർമാരുടെ തള്ളിക്കയറ്റം: വാർത്ത






# രോഗശാന്തി: ബൈബിൾ എന്തു പറയുന്നു

ന്യൂ ജനറേഷൻ സഭകളെ എതിർക്കുന്നവർ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിൽ വിശ്വസിക്കാത്തവരാണെന്നു വരുത്തിത്തീർക്കാൻ ഒരു ശ്രമം കെ.സി.ജോണിന്റേയും ശിങ്കിടികളുടേയും ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ട്. പെന്തക്കോസ്തിൽ വിവരദോഷികൾക്കു പഞ്ഞമില്ലാത്തതുകൊണ്ട് ഇവരുടെ ശ്രമം ഒട്ടൊക്കെ വിജയിച്ചെന്നും വരാം. ദൈവീക രോഗശാന്തി എന്ന വിഷയമാണ് ഇവർ ഏറ്റവും അധികം പ്രാധാന്യത്തോടെ എടുത്തു കാണിക്കുന്നത്. അപ്പോളജിസ്റ്റുകൾ ദൈവീക രോഗശാന്തിയിൽ വിശ്വസിക്കുന്നില്ല എന്ന് പ്രഖ്യാപിച്ചിട്ട് ദൈവീകരോഗശാന്തി ഉണ്ടെന്നു തെളിയിച്ച് ഞെളിയാനാണ് ശ്രമം. അതുകൊണ്ട് ദൈവീക രോഗശാന്തി എന്ന വിഷയം ദൈവ വചനവെളിച്ചത്തിൽ പഠനവിധേയമാക്കുകയാണ്.

ദൈവീക രോഗശാന്തി എന്നൊന്നുണ്ട് എന്ന വസ്തുത ബൈബിളിൽ വിശ്വസിക്കുന്നവർക്കു നിഷേധിക്കാനാവില്ല. യേശു നൂറുകണക്കിനു രോഗികളെ സൗഖ്യമാക്കി. തന്റെ ശിഷ്യൻമാരെ അയച്ച് രോഗശാന്തി ശുശ്രൂഷ നടത്തി. വിശ്വസിക്കുന്നവരെ പിൻതുടരുന്ന അടയാളങ്ങളിൽ ഒന്നായി രോഗശാന്തിയെ പരാമർശിച്ചു. ശിഷ്യൻമാരും നിരവധി രോഗശാന്തികൾ നടത്തി. രോഗശാന്തി എന്നൊരു കൃപാവരത്തേക്കുറിച്ച് പൗലോസ് പറയുന്നുണ്ട്. ദൈവീക രോഗശാന്തിയേക്കുറിച്ച് യാക്കോബിന്റെ ലേഖനത്തിൽ പരാമർശവുമുണ്ട്. ഇത്ര വ്യക്തവും ശക്തവുമായ തെളിവുകളുള്ള വസ്തുത ബൈബിളിൽ വിശ്വസിക്കുന്നവർക്കു നിഷേധിക്കാനാവില്ല. അതുകൊണ്ട് സുബോധമുള്ള ഒരു അപ്പോളജിസ്റ്റും ദൈവീകരോഗശാന്തിക്കെതിരെ നിലപാടെടുക്കുകയില്ല.

ഒന്നാം നൂറ്റാണ്ടിൽ നടന്ന എല്ലാ അത്ഭുതങ്ങളും 21-ാം നൂറ്റാണ്ടിലും നടക്കും. അത്ഭുതങ്ങളുടെ കാലം കഴിഞ്ഞുപോയി എന്ന വാദം ശരിയല്ല. അങ്ങനെ ബൈബിൾ പറയുന്നുമില്ല. അതുകൊണ്ട് ഇന്നും ദൈവീകരോഗശാന്തിയുണ്ട്. പക്ഷേ എല്ലാം ബൈബിളിന്റെ പരിധിയിൽ നിന്നുകൊണ്ടുള്ളതായിരിക്കണം. ദൈവീക രോഗശാന്തിയേക്കുറിച്ച് ബൈബിൾ എന്തു പറയുന്നു എന്നു പരിശോധിച്ചാൽ ഇന്നു നടക്കുന്ന രോഗശാന്തികളിൽ ഭൂരിപക്ഷവും ദൈവീകമല്ലെന്നും രോഗശാന്തിശുശ്രൂഷകൾ നടത്തുന്നവരിൽ ഭൂരിപക്ഷവും ദൈവ ദാസൻമാരല്ലെന്നും വ്യക്തമാകും. വിശദീകരിക്കാം.

1. കർത്താവോ ശിഷ്യൻമാരോ രോഗശാന്തിയേക്കുറിച്ച് ഒരു വിധത്തിലുള്ള പരസ്യവും കൊടുത്തില്ല. വചനം കേൾക്കാൻ ആളെ കൂട്ടുന്നതിനായി രോഗശാന്തിയെ ദുർവ്വിനിയോഗം ചെയ്തില്ല.
2. യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നു, യേശു വീണ്ടും വരുന്നു എന്നൊക്കെ ശിഷ്യൻമാർ പ്രസംഗിച്ചെങ്കിലും യേശു രോഗികളെ സൗഖ്യമാക്കുന്നു എന്ന വസ്തുത പ്രസംഗവിഷയമായി ഏറെയൊന്നും ഉപയോഗിച്ചില്ല.
3. രോഗശാന്തി നടന്നു എന്നത് കഴിയുന്നത്ര രഹസ്യമാക്കി വയ്ക്കാൻ കർത്താവും ശിഷ്യൻമാരും ശ്രമിച്ചിരുന്നു.
4. രോഗശാന്തി ലഭിച്ചവരേക്കൊണ്ട് സാക്ഷ്യം പറയിപ്പിക്കുന്ന ഹീനകൃത്യം കർത്താവോ ശിഷ്യൻമാരോ ഒരിക്കലും ചെയ്തില്ല എന്ന് ബൈബിൾ പരിശോധിച്ചാൽ മനസ്സിലാകും.
5. അത്ഭുതങ്ങൾക്കോ അടയാളങ്ങൾക്കോ രോഗശാന്തിക്കോ അല്ല സുവിശേഷത്തിനാണ് കർത്താവും ശിഷ്യൻമാരും പ്രാധാന്യം കൊടുത്തത്. രോഗശാന്തി എന്നത് അവർക്ക് ഒരു സാധാരണകാര്യം മാത്രമായിരുന്നു.
6. തങ്ങളുടെ പ്രാർത്ഥനയാൽ നടന്ന രോഗശാന്തികളേക്കുറിച്ച് ദൈവദാസൻമാർ ഒരിടത്തും പരാമർശിച്ചതേയില്ല. സംശയമുള്ളവർ പൗലോസിന്റേയും പത്രോസിന്റേയും മറ്റും ലേഖനങ്ങൾ പരിശോധിക്കുക. രോഗശാന്തി നടത്തിയതിനേക്കുറിച്ച് ഇവർ ഒരിക്കലും പറഞ്ഞില്ലെന്നു മാത്രമല്ല രോഗശാന്തി വരുത്താതിരുന്ന ഒരു സംഭവം പൗലോസ് എടുത്തു പറയുകയും ചെയ്യുന്നു: “ത്രോഫിമൊസിനെ ഞാൻ മിലേത്തിൽ രോഗിയായി വിട്ടിട്ട്പോന്നു. 2 തിമോ 4:20.”
7. രോഗശാന്തിയുടെ വരം എന്നത് മറ്റു കൃപാവരങ്ങൾ പോലെ ഒരു വരം മാത്രമാണെന്ന വസ്തുത ദൈവദാസൻമാർ മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് രോഗശാന്തി എന്ന കൃപാവരത്തിന് അമിത പ്രാധാന്യം കൊടുത്തില്ല.

പക്ഷേ ഇതൊന്നുമല്ല ന്യൂ ജനറേഷൻ സഭകളിൽ നടക്കുന്നത്. അതുകൊണ്ടാണ് ദൈവവചനം പഠിച്ചിട്ടുള്ളവർ ഇവരെ എതിർക്കുന്നത്. എന്താണ് ന്യൂ ജനറേഷൻ തട്ടിപ്പുകാർ ചെയ്യുന്നതെന്നുനോക്കൂ:

1. നടക്കാത്ത രോഗശാന്തി നടന്നു എന്നു പ്രചരിപ്പിക്കുന്നു.
2. തലവേദന, വയറ്റിൽ വേദന, നടുവേദന തുടങ്ങി പുറമെ കാണാനാവാത്ത രോഗങ്ങൾ മാത്രം സൗഖ്യമാക്കുന്നു. തളർവാതം, മുടന്ത്, പൂർണ്ണമായ അന്ധത തുടങ്ങിയതൊന്നും ഇവർ സൗഖ്യമാക്കുന്നില്ല. ഉണ്ടെന്നാണ് വാദമെങ്കിൽ ഇപ്രകാരമുള്ള രോഗസൗഖ്യം പ്രാപിച്ചവരുടെ പേരും വിലാസവും ഫോൺ നമ്പറും തരിക. നേരിട്ട് അന്വേഷിക്കാം.
3. രോഗസൗഖ്യമുണ്ടായി എന്നു സാക്ഷ്യം പറയിക്കുന്നത് സ്ഥിരം പരിപാടിയാക്കുന്നു.
4. രോഗസൗഖ്യമുണ്ടായവരുടെ ഫോട്ടോ സഹിതം പരസ്യം കൊടുക്കുന്നു.
5. അപൂർവ്വമായി മാത്രം സുവിശേഷം പ്രസംഗിക്കുന്നു. പരമാവധി സമയം രോഗശാന്തിയേക്കുറിച്ചുള്ള പ്രസംഗം, രോഗശാന്തി, സാക്ഷ്യം പറയിക്കൽ എന്നിവയ്ക്കായി നീക്കിവയ്ക്കുന്നു.
6. രോഗശാന്തി വരമുണ്ടെന്നു പറയപ്പെടുന്നവരെ സൂപ്പർ ദൈവദാസൻമാരായി ബഹുമാനിച്ചുകൊണ്ടുനടക്കുന്നു.

ഇതൊന്നും ദൈവീകമല്ല. ഇതൊക്കെ വചനവിരുദ്ധമാണ്. ദൈവനാമത്തിനു മഹത്വമുണ്ടാക്കുകയല്ല മറിച്ച് സ്വന്തം നാമത്തിനു മഹത്വമുണ്ടാക്കുകയും അതിലൂടെ പണവും പ്രശസ്തിയും നേടുകയുമാണ് ന്യൂ ജനറേഷൻകാരുടെ ലക്ഷ്യം. അതുകൊണ്ടാണ് സത്യവിശ്വാസ സംരക്ഷകർ ഈ വ്യാജൻമാരെ എതിർക്കുന്നത്.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ഡിഫെൻഡറിന്റെ പ്രവർത്തനംമൂലം ഞങ്ങൾക്ക് സുവിശേഷം പറയാൻപോലും വയ്യാതായിരിക്കുന്നു. അതുകൊണ്ട് ഡിഫെൻഡർ നിന്നുപോകാനായി ഞങ്ങൾ ഉപവാസമെടുക്കാൻ പോകുകയാണ്.

■ ഡിഫെൻഡർ നിന്നുപോകാനായി ഉപവാസമിരുന്നവർ നിരവധിയുണ്ട്. പക്ഷേ കഴിഞ്ഞ 11 വർഷം ഒരുലക്കം പോലും മുടക്കാതെ, ഒരു ദിവസത്തെ കാലതാമസംപോലും ഉണ്ടാകാതെ ഡിഫെൻഡർ ഇറക്കാൻ ഞങ്ങൾക്കു കഴിഞ്ഞു. ഇതിൽ നിന്ന് ഒരുകാര്യം വ്യക്തമാകുന്നു: നിങ്ങളുടെ ദൈവത്തേക്കാൾ ശക്തനാണ് ഡിഫെൻഡറിന്റെ ദൈവം. നിങ്ങളുടെ ദൈവത്തിന് ഡിഫെൻഡറിനെ തടയാനുള്ള ശക്തിയില്ല. അതുകൊണ്ട് വെറുതെ പട്ടിണിയിരുന്ന് ബുദ്ധിമുട്ടേണ്ടതില്ല. ഡിഫെൻഡറിനെ ഒരു ചുക്കും ചെയ്യാൻ നിങ്ങൾക്കോ നിങ്ങളുടെ ദൈവത്തിനോ കഴിയുകയില്ല.

ഡിഫെൻഡർ സുവിശേഷത്തിനു തടസ്സമാകുന്നു എന്നു പറഞ്ഞതു മനസ്സിലായില്ല. സത്യസുവിശേഷത്തിനെതിരായി ഒരു വാക്കുപോലും ഡിഫെൻഡറിലില്ല. ബൈബിളിൽ വിശ്വസിക്കയും ബൈബിളിലുള്ള സുവിശേഷം പ്രചരിപ്പിക്കയും ചെയ്യുന്നവരാണു ഞങ്ങൾ. പക്ഷേ ദൈവദാസൻമാരുടെ വേഷത്തിൽ നടക്കുന്ന കള്ളൻമാർക്കെതിരെ ഡിഫെൻഡർ പ്രതികരിക്കുന്നുണ്ട്. അതുമൂലം എന്തെങ്കിലും തടയപ്പെടുന്നുണ്ടെങ്കിൽ അതു വ്യാജ സുവിശേഷമാണ്.

എന്താണു സത്യസുവിശേഷം? സകല മനുഷ്യരുടേയും പാപങ്ങൾക്കുവേണ്ടി കർത്താവായ യേശുക്രിസ്തു സ്വയം യാഗമായി അർപ്പിച്ചു. അതുകൊണ്ട് യേശുവിൽ വിശ്വസിക്കയും യേശുവിനെ രക്ഷിതാവായി സ്വീകരിക്കയും ചെയ്യുന്നവർ നിത്യജീവൻ പ്രാപിക്കും. ഇതാണ് സുവിശേഷം. ഇതിനെതിരായി ഒരു വാക്കുപോലും ഡിഫെൻഡറിൽ നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. പിന്നെങ്ങനെ ഡിഫെൻഡർ സുവിശേഷത്തിനു തടസ്സമാകും?

പെന്തക്കോസ്ത് നേതാക്കൻമാരിൽ ചിലർ കള്ളൻമാരാണെന്ന് ഡിഫെൻഡർ പറഞ്ഞിട്ടുണ്ട്, പറയുന്നുമുണ്ട്. പക്ഷേ അത് സത്യസുവിശേഷത്തിനു തടസ്സമാകുകയില്ല. കാരണം, സത്യസുവിശേഷത്തിൽ പെന്തക്കോസ്തില്ല, പെന്തക്കോസ്ത് നേതാവുമില്ല. യൂദാ കള്ളനായതുകൊണ്ട് സത്യസുവിശേഷം തകരുകയില്ല. യൂദാ കർത്താവിനെ ഒറ്റിക്കൊടുത്തതും കൊരിന്തിലെ സഭയിൽ അപ്പന്റെ ഭാര്യയെ വച്ചുകൊണ്ടിരുന്നവൻവരെ ഉണ്ടായിരുന്നു എന്നതും മറ്റും ബൈബിളിൽ എഴുതിയിട്ടുണ്ട്. പക്ഷേ അങ്ങനെയൊക്കെ എഴുതിവച്ചത് സത്യസുവിശേഷത്തിനു തടസ്സമായതായി അറിവില്ല.

ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോൺ സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ചവനാണെന്നു ഡിഫെൻഡർ എഴുതുമ്പോൾ കെ.സി.ജോണിനും ഐ.പി.സിക്കും ബുദ്ധിമുട്ടുണ്ടാകും. പക്ഷേ സത്യസുവിശേഷത്തിനു തടസ്സമൊന്നും ഉണ്ടാകില്ല. കാരണം, സത്യസുവിശേഷത്തിൽ ഐ.പി.സിയോ കെ.സി.ജോണോ ഇല്ല. ഐ.പി.സി എന്നത് ദൈവീക പദ്ധതിയിലുള്ള സംഘടനയുമല്ല. സൊസൈറ്റീസ് ആക്ട് അനുസരിച്ചു രൂപീകരിച്ചിട്ടുള്ള ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് ഐ.പി.സി. അതു നിലനിൽക്കുന്നതോ തകരുന്നതോ സുവിശേഷവുമായി ബന്ധപ്പെട്ട കാര്യവുമല്ല. അതുകൊണ്ട് കെ.സി.ജോണിനേപ്പോലുള്ള കള്ളൻമാർക്കെതിരെ ഡിഫെൻഡർ പ്രതികരിക്കുമ്പോൾ തകരുന്നത് സത്യസുവിശേഷമല്ല വ്യാജ സുവിശേഷമാണ്.

പ്രശ്നം എന്താണെന്ന് വലിയ ബുദ്ധിമുട്ടൊന്നും കൂടാതെ മനസ്സിലാക്കാവുന്നതേയുള്ളൂ. സത്യസുവിശേഷം എന്ന പേരിൽ നിങ്ങൾ ഇതുവരെ പ്രചരിപ്പിച്ചത് വ്യാജസുവിശേഷമാണ്. നിങ്ങൾ പറഞ്ഞ സുവിശേഷത്തിൽ ഐ.പി.സിയും ശാരോനും എ.ജിയും കെ.സി.ജോണും ടി.ജെ.ശാമുവലും സാം കുഴിക്കാലയും ഒക്കെയുണ്ട്. ഇവർക്കെതിരെ ഡിഫെൻഡർ പ്രതികരിച്ചപ്പോൾ നിങ്ങളുടെ സുവിശേഷം തകർന്നു. കാരണം, അതു വ്യാജ സുവിശേഷമായിരുന്നു. മണലിൻമേൽ പണിത വീടായിരുന്നു അത്. ഡിഫെൻഡർ എന്ന കാറ്റടിച്ചപ്പോൾ ആ വീട് വീണുപോയി.

പാറമേൽ അടിസ്ഥാനമിട്ട് വീടുപണിയുകയാണ് ഏക പോംവഴി. വ്യഭിചാരികളെ ദൈവദാസൻമാരായി അവതരിപ്പിക്കുന്നത് അവസാനിപ്പിക്കുക. പെന്തക്കോസ്തിന്റെ മഹത്വം വാഴ്ത്തിപ്പാടുന്നത് നിർത്തുക. ഇതര ക്രൈസ്തവ സമുദായങ്ങൾ പോലെ പെന്തക്കോസ്ത് സംഘടനകളും വചന വിരുദ്ധമായ സംഘടനകളാണ്, സാത്താന്യമാണ്. ദൈവ വചനം പ്രസംഗിക്കുക. സത്യസു വിശേഷം പ്രചരിപ്പിക്കുക. ക്രിസ്തുവിലേക്ക് ജനങ്ങളെ ആകർഷിക്കുക. അതോടെ ഡിഫെൻഡറിനേക്കൊണ്ടുള്ള ശല്യം തീരും. പക്ഷേ ഡിഫെൻഡർ പൂട്ടിക്കാനായി ഉപവസിക്കാനാണു പദ്ധതിയെങ്കിൽ പട്ടിണി കിടന്നു ചാകാമെന്നല്ലാതെ ഫലമുണ്ടാകില്ല.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.
Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# സരസമ്മ വിളിച്ചു, കെ.സി. വിളികേട്ടു

സരസമ്മ വിളിച്ചാൽ കെ.സി.ജോണിന് വിളി കേൾക്കാതിരിക്കാൻ പറ്റില്ല. അത്രയ്ക്കുണ്ട് അവർ തമ്മിലുള്ള ആത്മബന്ധം. വർഷങ്ങൾ പലതായി ഈ ബന്ധം തുടങ്ങിയിട്ട്. സരസമ്മ ഗൾഫിലായിരുന്നപ്പോൾ ഈ ബന്ധം കൂടുതൽ ബലപ്പെട്ടു. സരസമ്മ ഗൾഫിലേക്കു വിളിച്ചപ്പോൾ രണ്ടുവട്ടം ആലോചിക്കാതെ കെ.സി.ജോൺ പോയതും അതുകൊണ്ടാണ്. അതൊക്കെ പഴങ്കഥ. ഇപ്പോൾ അതിലും ദൃഢമായ ബന്ധമാണ് സരസമ്മയും കെ.സി.ജോണും തമ്മിലുള്ളത്.

ഇടയ്ക്കൊക്കെ തമ്മിൽ കണ്ടില്ലെങ്കിൽ സ്നേഹംകൊണ്ട് എന്തു ഫലം? പക്ഷേ സരസമ്മ ഇപ്പോൾ ഇംഗ്ലണ്ടിലാണ്. അതുകൊണ്ട് എപ്പോഴും കണ്ടുകൊണ്ടിരിക്കാൻ പറ്റില്ല. ഇംഗ്ലണ്ടിലേക്കു പോകാമെന്നു വച്ചാൽ അതു പൊല്ലാപ്പാകും. ആരും വിളിക്കാതെ ഐ.പി.സിയുടെ പ്രസിഡന്റ് ഇംഗ്ലണ്ടിലെത്തിയാൽ കളി കാര്യമാകും. ഡിഫെൻഡർ കണ്ണും കാതും തുറന്ന് ഇരിക്കുകയാണ്. എന്തൊക്കെ എഴുതുമെന്നു പറയാനുമാവില്ല. ഡിഫെൻഡറിന്റെ ശല്യം കാരണം മന:സമാധാനമായിട്ട് വ്യഭിചരിക്കാൻപോലും പറ്റില്ലെന്നായിരിക്കുന്നു.

അങ്ങനെ ആലോചിച്ച് നെടുവീർപ്പിട്ടിരിക്കുന്ന സമയത്താണ് ഇംഗ്ലണ്ടിലെ ഐ.പി.സിക്കാരുടെ വിളി വന്നത്. സെപ്റ്റംബർ 5, 6 തീയതികളിൽ പ്രസംഗിക്കാൻ എത്തണം. ആനന്ദലബ്ധിക്കിനിയെന്തു വേണം? ഉടൻ വിളിച്ചു സരസമ്മയെ. ''ഇതാ ഞാൻ വരുന്നു'' എന്നുള്ള സന്തോഷവാർത്ത അറിയിച്ചു. അപ്പോൾ സരസമ്മയ്ക്ക് ഒരു മോഹം. സരസമ്മയുടെ കൊച്ചിനെ കെ.സി.ജോൺ പ്രതിഷ്ഠിക്കണം. ഓകേ, കെ.സി സമ്മതിച്ചു. ഡിഫെൻഡർ എന്ന മഹാപാപി ഈ ശുശ്രൂഷകൾ അലങ്കോലപ്പെടുത്തുമോ എന്ന ശങ്ക മാത്രം ബാക്കി.

# ബിൻസി കേമിയാണേ

ഫോൺ വിളിക്കുന്ന കാര്യത്തിൽ മാത്രമല്ല മറ്റു പലതിലും ബിൻസി കഴിവു തെളിയിച്ചിട്ടുണ്ടെന്ന് അമേരിക്കയിൽ നിന്നുള്ള റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ടി.എസ്.ഏബ്രഹാമിന്റെ ഇളയ മകൾ പണ്ട് നടത്തിയതുപോലുള്ള ഒരു വീരകൃത്യം ബിൻസിയും നടത്തിയിട്ടുണ്ടെന്നാണ് ഒടുവിൽ കിട്ടിയ വാർത്ത. ടി.എസ്.പുത്രി ഇന്ത്യാക്കാരനോടൊപ്പമാണ് പര്യടനം നടത്തിയതെങ്കിൽ ബിൻസി ഒരു സായിപ്പിനോടൊപ്പമാണു ടൂർ പോയതെന്നതു മാത്രമാണ് വ്യത്യാസം. സംഗതി പരമ രഹസ്യമായതുകൊണ്ട് ഇപ്പോഴത്തെ ഭർത്താവ് (ടി.ജെയുടെ പുത്രൻ) വിവരം അറിഞ്ഞിട്ടുമില്ല. അതുകൊണ്ട് ഡിഫെൻഡറും ഇതേപ്പറ്റി കൂടുതലൊന്നും പറയുന്നില്ല. കാരണം, സംഗതി രഹസ്യമാണ്.



# പേടിക്കേണ്ട ബഥേലേ



ബഥേൽ ഇങ്ങനെ പേടിക്കുന്നതു ശരിയല്ല. ഡിഫെൻഡർ പറയുന്നതു വിശ്വസിക്കൂ, ധൈര്യമായി ഇന്ത്യയിലേക്കു വരൂ. സ്റ്റെപ്പിനി ഉപയോഗിക്കൂ. പുതുജീവൻ നേടൂ. നിർവൃതിയടയൂ.

സ്റ്റെപ്പിനിയെ ബഥേൽ കണ്ടിട്ട് മാസങ്ങൾ പലതായി. ഇന്ത്യയിലേക്കു വന്നാൽ അറസ്റ്റ് ചെയ്യപ്പെടുമോ എന്നൊരു ഭയം. എഫ്.സി.ആർ.എ നിയമം ലംഘിച്ച് കോടികൾ സമ്പാദിച്ചതിന്റെ പേരിൽ നടപടിയുണ്ടായാൽ വർഷങ്ങളോളം ജയിലിൽ കിടക്കേണ്ടതായിവരും. ഡിഫെൻഡർ എന്തൊക്കെയോ കാട്ടിക്കൂട്ടുന്നുമുണ്ട്. അതുകൊണ്ട് ദാഹങ്ങളും മോഹങ്ങളും ഉള്ളിലൊതുക്കി, കടിച്ചുപിടിച്ച്, അമേരിക്കയിൽ കഴിയുകയാണ് ബഥേൽ. പക്ഷേ ഇത്ര പേടിക്കാനുള്ളതൊന്നും ഇപ്പോഴില്ല എന്നതാണു വസ്തുത. സർക്കാർ കാര്യം മുറപോലെയാണു നടക്കുന്നത്. അതിന് കാലതാമസമുണ്ടാകും. അതുകൊണ്ട് ബഥേലിന് ഇത്തവണ ധൈര്യമായിട്ട് ഇന്ത്യയിലേക്കു വരാം. സ്റ്റെപ്പിനിയെ കാണാം. മോഹങ്ങൾക്ക് പൂവും കായും അണിയിക്കാം. ഒരു പ്രശ്നവുമുണ്ടാകില്ല.

# വിവാഹം കാളവണ്ടിയിൽ നടക്കുന്നു

വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു എന്നു കേട്ടിട്ടുണ്ട്. പക്ഷേ വിവാഹം കാളവണ്ടിയിലും നടക്കും എന്ന് ഈയിടെ എറണാകുളത്തുള്ള ചില പെന്തക്കോസ്തുകാർ തെളിയിച്ചു. കാളവണ്ടിയല്ല കുതിരവണ്ടിയാണെന്ന് ഈ കഥക്ക് ഒരു പാഠഭേദമുണ്ട്. ശരി, കുതിരയെങ്കിൽ കുതിര. ഏതായാലും സംഭവം നടന്നല്ലോ.

എറണാകുളം വളഞ്ഞമ്പലത്താണ് കലാപരിപാടി നടന്നത്. ഒരു നേതാവിന്റെ സഹോദരന്റെ മകന്റെ വിവാഹം ആഘോഷപൂർവ്വം നടന്നു. വിവാഹം കഴിഞ്ഞ് വരനും വധുവും കുതിര വലിക്കുന്ന വില്ലുവണ്ടിയിൽ കയറി. അരമണിക്കൂറോളം സമയം ഈ കെട്ടിയെഴുന്നെള്ളിപ്പ് നീണ്ടു. വില്ലുവണ്ടിയിൽ സഞ്ചരിക്കുന്നതു പാപമാണോ? ആണെന്ന് ഡിഫെൻഡർ പറഞ്ഞില്ലല്ലോ.

# അതുതാൻ ഇതെന്ന് താനവേലി

അതുതാനല്ലയോ ഇത് എന്നു ശങ്കയുണ്ടായാൽ ഉൽപ്രേക്ഷ. അതും ഇതും ഒന്നാണെന്നു തറപ്പിച്ചു പറഞ്ഞാൽ രൂപകമായി. ജോയി താനവേലിക്ക് ഉൽപ്രേക്ഷ പണ്ടേ പിടിക്കില്ല. ആണത്തമുള്ളവനു പറ്റിയ പണിയല്ല അത്. അതുകൊണ്ട് മാന്യദേഹം തറപ്പിച്ചു പറയുന്നു: സംഗതി രൂപകം തന്നെ. അതായത്, രണ്ടും ഒന്നാണ്. പിടികിട്ടിയില്ലേ? നിങ്ങൾ ഈ ഭൂലോകത്തെങ്ങുമല്ല താമസമെന്നു തോന്നുന്നു. ആ മഹാ സംഭവം മാലോകരൊക്കെ അറിഞ്ഞതാണല്ലോ. ന്യൂ ജനറേഷൻ സഭകളും ഐ.പി.സിയും തമ്മിൽ വ്യത്യാസമില്ലെന്ന് താനവേലി പ്രഖ്യാപിച്ചിരിക്കുന്നു. താനവേലി പറഞ്ഞാൽ പറഞ്ഞതാണ്. ഇനി അതിനു മാറ്റമില്ല. അതുകൊണ്ട് സകലമാന ഐ.പി.സിക്കാരും ആമേൻ പറയുകയേ നിവൃത്തിയുള്ളൂ. പറഞ്ഞില്ലെങ്കിൽ പറയിക്കും.

വല്ല സംശയവും അവശേഷിക്കുന്നെങ്കിൽ ചോദിക്കട്ടെ: ഐ.പി.സിയും ന്യൂ ജനറേഷൻ സഭകളും തമ്മിൽ എന്താണു വ്യത്യാസം? ന്യൂ ജനറേഷൻകാർക്ക് കൃത്യമായ ഒരു വിശ്വാസപ്രമാണമില്ല. ഐ.പി.സിക്ക് ഒരു വിശ്വാസപ്രമാണം ഉണ്ടെങ്കിലും അത് ഏട്ടിലെ പശുവായിട്ട് കാലം കുറെ ആയി. എന്തു പറഞ്ഞിട്ടായാലും ജനത്തെ ഇളക്കുക എന്നതാണ് രണ്ടു കൂട്ടരുടേയും പരമമായ ലക്ഷ്യം. ഐ.പി.സി പ്രസിഡന്റായ കെ.സി.ജോണിന്റെ ചവർ ചാനലിൽ ഏതു ജനറേഷൻകാരനും കയറി വിളയാടാം. എന്തൊക്കെയാണു പ്രസംഗിക്കുന്നതെന്ന ചോദ്യമേയില്ല. ഏറ്റവും വലിയ (ഡീ)ജനറേഷനായ തങ്കുവിന്റെ വലംകൈയ്യാണ് കെ.സി. അതുകൊണ്ട് കെ.സിക്ക് ഗുണമേ ഉണ്ടായിട്ടുള്ളൂ. പിന്നെ, ദുരുപദേശക്കാര്യം. എന്തു ദുരുപദേശമാണ് ന്യൂ ജനറേഷൻകാർ പറയുന്നത്? പണം വേണമെന്നു പറയുന്നതോ. അതെങ്ങനെ ദുരുപദേശമാകും? ഓൾഡ് ജനറേഷനു പണം വേണ്ടേ? രോഗശാന്തി നടത്തുന്നതും സാക്ഷ്യം പറയിക്കുന്നതും പാപമാണോ? എല്ലാവരും ഇതൊക്കെ ചെയ്യുന്നില്ലേ? എവിടെയാണ് കുഴപ്പം?

സമ്മതിച്ചിരിക്കുന്നു. ഇന്നത്തെ ഐ.പി.സിയും ന്യൂ ജനറേഷൻ സഭകളും ഒന്നുതന്നെ. തമ്മിൽ വ്യത്യാസമില്ല. അതുകൊണ്ട് ഐ.പി.സി ന്യൂജനറേഷനിൽ ലയിക്കയോ അവർ ഇങ്ങോട്ടുവന്നു ലയിക്കയോ ലയിക്കാതെ ഭായിഭായി ആയിട്ട് നിലനിൽക്കയോ എന്തു വേണമെങ്കിലും ചെയ്തുകൊള്ളൂ. വീണ്ടുംജനനം പ്രാപിക്കാത്തവർ സഭാനേതൃത്വത്തിലെത്തിയാൽ ഇതും ഇതിൽ അധികവും നടക്കും. (മുടിയാൻ നേരത്ത് ചാത്തനേം കേറ്റി എന്നാണല്ലോ ഓൾഡ് ജനറേഷൻകാരുടെ ബനാനാ ടോക്ക്, അതായത് പഴഞ്ചോല്ല്).

# ഓടിയാൽ താടി പോകുമോ?

ഓടിയാൽ തടി കുറയും എന്നു കേട്ടിട്ടുണ്ട്. പക്ഷേ ഓടിയാൽ താടി പോകുമെന്ന് എൻ.ജി.രാജു ചില വർഷങ്ങൾക്കു മുൻപ് തെളിയിച്ചതാണ്. പക്ഷേ അത്ഭുതകരമായ ഈ കണ്ടുപിടുത്തം നടത്തിയിട്ട് മോനായി പോലും ഇദ്ദേഹത്തിന് ഒരു അവാർഡ് കൊടുത്തില്ല.

എൻ.ജി.രാജുവിനെ ഡിഫെൻഡറിന്റെ വായനക്കാർക്കു പരിചയപ്പെടുത്തേണ്ട കാര്യമില്ല. വ്യഭിചാരം തൊഴിലാക്കിയ ഈ വിദ്വാൻ തൃശൂർ ജില്ലയിലെ ഒരു സഭയിൽ പാസ്റ്ററായിരുന്ന കാലത്താണ് സംഭവം നടന്നത്. പാഴ്സനേജിന് സമീപത്തുള്ള ഒരു കത്തോലിക്കാ ഭവനത്തിലെ വീട്ടമ്മയുമായി രാജു പാസ്റ്റർ ചിറ്റം തുടങ്ങി. ഒരു ദിവസം തികച്ചും അപ്രതീക്ഷിതമായി ഭർത്താവ് കയറിവന്നു. രാജു പാസ്റ്റർ വീടിന്റെ പിന്നിലെ കതകു തുറന്ന് ഓടി. പിന്നാലെ എത്തിയ ഭർത്താവിനോട് ഒരു ദൃക്സാക്ഷി പറഞ്ഞു: ''ഒരു താടിക്കാരനാണ് ഓടിപ്പോയത്''. അത് രാജുവും കേട്ടു. പാഴ്സനേജിൽ എത്തിയ ഉടൻ രാജു ക്ഷൗരം ചെയ്തു. പിന്നാലെ എത്തിയ ഭർത്താവിന്റെ മുന്നിൽ രാജു പ്രത്യക്ഷപ്പെട്ടത് ക്ലീൻ ഷേവുകാരനായിട്ടാണ്. (താടി പോയാലെന്താ തടി കേടായില്ലല്ലോ). ഗുണപാഠം: എ.ഷാജി ഉടൻ താടിവടിക്കുക.

# 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. മുൻകൂർ ബുക്ക് ചെയ്തവർക്കെല്ലാം പുസ്തകം അയച്ചുകഴിഞ്ഞു. ആർക്കെങ്കിലും പുസ്തകം ലഭിച്ചിട്ടില്ലെങ്കിൽ 9447414608 എന്ന നമ്പറിൽ വിളിച്ച് വിവരം അറിയിക്കുക.

കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്. വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി– 50 രൂപ. രണ്ടു കോപ്പി– 90 രൂപ. അഞ്ചു കോപ്പി– 180 രൂപ. പത്തു കോപ്പി– 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.
പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam Dist. Pin. 683542.**
**Phone: 0484-3232356. Mob: 9447414608.**


# നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കു വേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. www.yourname.com എന്ന വിലാസം. you@yourname.com എന്ന ഈമെയിൽ. ഒരു ഹോം പേജ്. ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608

# പി.പി. കുര്യൻ പറഞ്ഞത് തികച്ചും ശരി

സ്വർഗ്ഗീയധ്വനിയുടെ ആഗസ്റ്റ് 1 ലക്കത്തിൽ പാസ്റ്റർ പി.പി. കുര്യൻ (അറ്റ്ലാന്റാ) എഴുതിയ ''സത്യസന്ധതയില്ലാത്ത ആത്മീയ മാധ്യമങ്ങൾ'' എന്ന ലേഖനം ഒന്നാംതരമായി എന്നു പറയാതെവയ്യ. അഭിനന്ദനങ്ങൾ.

പി.പി.കുര്യൻ എന്താണെഴുതിയതെന്ന് സ്വർഗ്ഗീയധ്വനി വായിക്കാത്തവർക്കു മനസ്സിലാക്കാനായി ആ ലേഖനം ഇതാ:

''ചില വർഷങ്ങൾക്കു മുൻപുവരെ ആത്മീയ മാധ്യമങ്ങൾ പരിമിതം മാത്രമായിരുന്നു. സത്യസന്ധമായതും മായം ചേർക്കാത്തതുമായ സുവിശേഷസത്യങ്ങൾ അതിൽ നിന്നു വായനക്കാർക്കു ലഭിക്കുമായിരുന്നു. സീയോൻ കാഹളം, സുവിശേഷധ്വനി, ദൂതൻ മുതലായവ ആയിരുന്നു. അവയ്ക്കു ശേഷമാണ് ഗുഡ്ന്യൂസ്, ജ്യോതിമാർഗ്ഗം, സ്വർഗ്ഗീയധ്വനി, ഹാലേലൂയ്യാ, സങ്കീർത്തനം, മരുപ്പച്ച, മലബാർ മെസഞ്ചർ തുടങ്ങിയ ക്രിസ്തീയ മാധ്യമങ്ങൾ നിലവിൽ വന്നത്. മാധ്യമങ്ങൾക്കു ക്ഷാമം കുറഞ്ഞതോടെ പരസ്യങ്ങളുടെ കുതിച്ചുകയറ്റം ആരംഭിച്ചു. രൂപ നൽകിയാൽ പരസ്യം പബ്ലീഷ് ചെയ്യുമെന്നുള്ളതിന് രണ്ടുപക്ഷമില്ല. ആ പരസ്യത്തിന്റെ ഉള്ളടക്കത്തിനുള്ള പൂർണ്ണ ഉത്തരവാദിത്വം പരസ്യം കൊടുക്കുന്നവർക്കാണ്. ജനത്തെ കബളിപ്പിക്കാൻ രൂപ കൊടുത്ത് പരസ്യങ്ങൾ നൽകി പലതും പലതും രംഗപ്രവേശം ചെയ്യിച്ചു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ക്വാളിറ്റി സൂക്ഷിക്കാൻ താല്പര്യമുള്ള മാധ്യമങ്ങൾ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിൽ വിമുഖത കാട്ടിയിരുന്നതിനാൽ പുതുപ്രസിദ്ധീകരണക്കാരുടെ കൊയ്ത്ത് ആരംഭിച്ചു.

ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങളിലേക്ക് വ്യാജൻമാർ നുഴഞ്ഞുകയറ്റം ആരംഭിച്ചു. ലക്ഷങ്ങൾ കോഴ നൽകി സത്യവിരുദ്ധമായ പ്രസ്താവനകൾ സത്യസന്ധമെന്നു തോന്നത്തക്കവിധത്തിൽ പ്രസിദ്ധീകരിച്ച് ജനത്തെ ചിന്താക്കുഴപ്പത്തിൽ ആക്കിയിരിക്കയാണ്. തങ്ങൾ ചെയ്യുന്നതെല്ലാം ശരിയാണെന്നു വരുത്തിവച്ച് ചെറുകിട മാദ്ധ്യമങ്ങൾക്കു വൻതുക സംഭാവന നൽകി അസത്യത്തെ സത്യമാക്കി പ്രസിദ്ധീകരിച്ചു. വായനക്കാരെ വിഡ്ഢികളാക്കുന്ന വ്യാജപ്രസിദ്ധീകരണക്കാരെ ബഹിഷ്ക്കരിക്കേണ്ട കാലം അതിക്രമിച്ചു. കള്ളനെ ഇന്റർവ്യൂ ചെയ്താൽ അവൻ മോഷണം നടത്തുന്ന രീതി വെളിപ്പെടുത്തുമോ? എന്നാൽ കള്ളൻ ഒരു കാര്യം പറയും: ഞാൻ കള്ളനാണെന്നു പ്രസിദ്ധീകരിക്കാതിരിക്കാമെങ്കിൽ ഇത്ര രൂപ ഇനാം നൽകാം. ''സന്തോഷ സൂചകമായ് തന്നതും സ്വീകരിച്ച് പത്രക്കാർ ഞങ്ങളിതാ പോകുന്നു'' എന്ന ഈരടികൾ പാടിക്കൊണ്ട് പോയി മൾട്ടി കളറിൽ സത്യസന്ധൻമാരുടെ (വ്യാജൻമാരുടെ) ഫോട്ടോയും ഇന്റർവ്യൂവിന്റെ ഭാഗങ്ങളും കൂടി ചേർത്ത് പ്രസിദ്ധപ്പെടുത്തിയാൽ കള്ളം സത്യമാകുമോ?

ആത്മീയഗോളത്തിൽ നടക്കുന്ന ആനാത്മീയ വിഷയങ്ങളെ സത്യസന്ധമായി പ്രസിദ്ധീകരിക്കുന്നതാണ് പത്രധർമ്മം. നേതാവ് അമാതൃകയായി നടക്കുന്നു എങ്കിൽ തിരുത്ത് ആവശ്യം. ബോദ്ധ്യപ്പെട്ടാലും ആരേയും കൂസലില്ലാതെ പോയാൽ ശുദ്ധിചെയ്ത് എടുക്കാൻ കഴിയുന്നത് മാധ്യമങ്ങൾക്കു മാത്രമാണ്. ഇങ്ങനെയുള്ള വാർത്തകൾ തുറന്ന് എഴുതാതെ നേതാവ് നല്ലൊരു തുക സംഭാവനയായി പത്രപ്രവർത്തനത്തിനു കൊടുത്തു കഴിയുമ്പോൾ ഈ നേതാവ് മാതൃകാപുരുഷനും നമ്മുടെ നടത്തിപ്പുകാരനും എന്നുള്ള ലേബലിലേക്ക് പത്രത്തിലൂടെ ഉയർത്തപ്പെടും. വെള്ളക്കോട്ടും ധരിച്ച് വിരലുകൾ പൊക്കി നിന്നാൽ വിശുദ്ധനാകയില്ല. സകല അനീതിക്കും കൂട്ടുപിടിക്കാൻ പരക്കം പായുകയും ആരെ വിറ്റും സ്വന്തം കീശ വീർപ്പിക്കണം എന്നുള്ള ചിന്താഗതിയിൽ നടക്കുന്ന ഇത്തരം അധർമ്മികളെ സ്റ്റേജിൽ കയറ്ററുത്. കള്ളന്റെ ഉദ്ദേശ്യം ഒന്നുമാത്രമാണ്: അന്യന്റെ പോക്കറ്റിലെ കാശ് എന്റെ പോക്കറ്റിൽ വരണം. ആത്മീയവ്യാജൻമാരുടെ അജണ്ടയും ഇതുതന്നെയാണ്. പാവം വിശ്വാസികളുടെ കീശ കാലിയാക്കി തന്റെ കീശ വീർപ്പിക്കണമെന്നതുതന്നെ.

ഈ നാളുകളിൽ ഒരു ആത്മീയ ശുദ്ധികലശം ആവശ്യമായിരിക്കുന്നു. മോഷ്ടിച്ചിട്ട് ഓടുന്നവനെ കണ്ടാൽ വിളിച്ചു പറയാൻ ധൈര്യമുണ്ടാകണം. ഇതാ കള്ളൻ വരുന്നേ എന്നു വിളിച്ചു പറയണം. അതല്ലാതെ, മോഷ്ടിച്ചുണ്ടാക്കിയതിന്റെ ഓഹരി പറ്റിയെങ്കിൽ മോഷ്ടാവു വരുമ്പോൾ കയ്യടിക്കേണ്ടതായിവരും. പ്രസിദ്ധീകരണങ്ങൾ കൈമണിയടി നിർത്തിയിട്ട് സത്യസന്ധമായ വാർത്തകൾ ജനത്തെ അറിയിക്കണം. അതിനുവേണ്ടി ധീരതയോടെ നിൽക്കുന്ന ചുരുക്കം ചില ക്വാളിറ്റി പത്രങ്ങളെ (പേരെടുത്തു പറയുന്നില്ല) പ്രത്യേകമായി ഇത്തരുണത്തിൽ അഭിനന്ദിക്കുന്നു. അങ്ങനെയുള്ള പത്രങ്ങൾ വായിക്കാൻ ഇമ്പം തോന്നും. ഇപ്പോൾ ജനങ്ങൾ രണ്ടുതട്ടിലാണ്. ഏതു പത്രവാർത്തയാണു ശരിയെന്നറിയാതെ ഉഴലുകയാണ്. അനീതിയുടെ കൂലി വാങ്ങി പത്രമിറക്കിയാൽ നീതിയുള്ള ദൈവം കണ്ണടച്ചിരുന്നുകളയുമെന്നു കരുതരുത്.''

അത്യന്താധുനിക മലയാളത്തിൽ പറഞ്ഞാൽ 'കലക്കി'. ഇങ്ങനെയൊക്കെ എഴുതാൻ ചിലരുണ്ടായാൽ പെന്തക്കോസ്ത് നന്നാകും.

പെന്തക്കോസ്ത് പത്രങ്ങളുടെ വഴിപിഴച്ച പോക്കിനെതിരെ കഴിഞ്ഞലക്കം ഡിഫെൻഡറിൽ ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. അതേ ആശയമാണ് മറ്റൊരു വിധത്തിൽ പാസ്റ്റർ പി.പി.കുര്യൻ ഇവിടെ പറയുന്നത്. തമിഴ്നാട്ടിലും മറ്റും കൂലിക്കു കരയാൻ പോകുന്നവരുണ്ട്. അതുപോലെ പണം തരുന്ന ആരേയും സ്തുതിക്കുന്നവരായി പെന്തക്കോസ്ത് പത്രങ്ങൾ അധഃപതിച്ചിരിക്കുന്നു. കഷ്ടിച്ചൊരു പത്താംക്ലാസ്സ് മാത്രമാണ് ഭൂരിപക്ഷം പത്രാധിപൻമാരുടേയും കൈമുതൽ. ഒരു പണിയും ചെയ്യാനുള്ള അറിവില്ല. അതുകൊണ്ട് ഒരു ജോലിയും കിട്ടിയുമില്ല. അങ്ങനെ കറങ്ങി നടക്കുന്നതിനിടയിൽ ഒന്നോ രണ്ടോ ലേഖനങ്ങളെഴുതി ചില പ്രസിദ്ധീകരണങ്ങൾക്ക് അയച്ചുകൊടുത്തു. അവയിൽ ചിലത് വെളിച്ചം കണ്ടു. അതോടെ എഴുത്ത് സ്ഥിരം തൊഴിലാക്കി. ചില വർഷങ്ങൾക്കുശേഷം സ്വന്തം പത്രവും തുടങ്ങി. കൺവെൻഷനുകളായ കൺവെൻഷനുകളിലെല്ലാം ചെന്ന് സപ്ലിമെന്റിറക്കി. വരിസംഖ്യ പിരിച്ചു. പണച്ചാക്കുകളുടെ മിനിസ്ട്രികളേക്കുറിച്ച് സപ്ലിമെന്റിറക്കി പണംതട്ടി. സഭാതെരഞ്ഞെടുപ്പു വരുമ്പോൾ ഏതെങ്കിലും പാനലിൽ കയറിക്കൂടി കൗൺസിൽ അംഗവുമായി. ബൈബിളിൽ എത്ര പുസ്തകമുണ്ടെന്നുപോലും നിശ്ചയമില്ലെങ്കിലും സഭയുടെ ഉപദേശപരമായ വിഷയങ്ങളിൽപ്പോലും ഈ മക്കുണൻമാരാണ് തീരുമാനമെടുക്കുന്നത്. പെന്തക്കോസ്തിലല്ലാതെ മറ്റെങ്ങും ഇത്തരം തോന്ന്യാസങ്ങൾ നടക്കുമെന്നു തോന്നുന്നില്ല. ഇതിനൊക്കെ എതിരെ പ്രതികരിക്കാൻ ഇപ്പോഴെങ്കിലും ഒരാളുണ്ടായല്ലോ, നല്ലത്.

ഐ.പി.സിയുടെ ജനറൽ ഇലക്ഷൻ ഏറെ ദൂരെയല്ല. എച്ചിൽക്കൂനകളിൽ ശുനകൻമാർ എല്ലിൻകഷണങ്ങൾക്കായി കടിപിടി ആരംഭിച്ചുകഴിഞ്ഞു. പത്രക്കാർ ഓരോ പാനലുകളുമായി അടുത്തുകൊണ്ടിരിക്കയാണ്. ഏതാനും മാസംകൂടി കഴിയുമ്പോൾ സഭാപൊളിറ്റിക്സിന്റെ ഭീകരമുഖം ഏവർക്കും നേരിൽ കാണാൻ കഴിയും.

പത്രപ്രവർത്തനത്തിന്റെ ആദ്യാക്ഷരങ്ങൾ പോലും അറിയാത്തവർ പത്രാധിപൻമാരായതാണ് പെന്തക്കോസ്തിന്റെ ശാപം. നേതാക്കൻമാരുടെ കൊള്ളരുതായ്മകൾക്കു വെള്ളപൂശുന്നതാണ് പത്രപ്രവർത്തകന്റെ പ്രധാന ജോലി എന്നാണ് ഈ പത്രാധിപൻമാർ ധരിച്ചുവച്ചിരിക്കുന്നത്. അത്തരക്കാർ ഈ ലേഖനം ഒരുവട്ടമെങ്കിലും വായിക്കണം.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

# അവറാൻ വിജ്ഞാനീയം: ഒരു സാമ്പിൾ

വിവരക്കേടിനു കൈയ്യും കാലും വച്ചതാണ് കെ.എ.ഏബ്രഹാം എന്ന് ഡിഫെൻഡർ പല വട്ടം എഴുതിയിട്ടും വിശ്വാസം വരാത്തവർ ആഗസ്റ്റ് 6-ാം തീയതി വൈകിട്ട് ആറുമണിക്ക് ഈ വിദ്വാൻ ചവർ ചാനലിൽ നടത്തിയ പ്രസംഗം കേൾക്കേണ്ടതായിരുന്നു. മിനിട്ടിന് ഒരു വിഡ്ഢിത്തം എന്ന ക്രമത്തിലാണ് സാധാരണ കെ.എ.ഏബ്രഹാം പറയുന്നത്. എന്നാൽ ഈ പ്രസംഗത്തിൽ ചെറുതും വലുതുമായ അൻപതോളം വിവരക്കേടുകളാണ് അവറാൻ എഴുന്നെള്ളിച്ചത്. സ്ഥല പരിമിതിമൂലം അവ ഒന്നൊന്നായി വിശദീകരിക്കാൻ കഴിയില്ല. എങ്കിലും പ്രധാനപ്പെട്ടവ പറയാം.

ദൈവത്തിന്റെ ഉത്തരവാദിത്വത്തേക്കുറിച്ച് അവറാൻ പ്രാരംഭമായി പറയുന്നു. അതിന് ആധാരമായി വായിച്ച വാക്യം സങ്കീ. 119:122 ആണ്. ''അടിയന്റെ നൻമയ്ക്കുവേണ്ടി ഉത്തരവാദി ആയിരിക്കണമേ'' എന്നതാണ് ആ വാക്യത്തിലുള്ളത്.

തുടർന്ന് ദൈവത്തിന്റെ ഉത്തരവാദിത്വത്തേക്കുറിച്ച് ഇയാൾ വാചാലനാകുന്നു. താൻ വലിയ പണ്ഡിതനാണെന്നു വരുത്തിത്തീർക്കാൻ ശുദ്ധ വിവരക്കേടുകളാണ് എഴുന്നെള്ളിക്കുന്നത്.

ഉത്തരവാദിത്വം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്ന് നിരവധി ഉദാഹരണങ്ങൾ സഹിതം ഇയാൾ വിശദീകരിക്കുന്നു. ഇംഗ്ലീഷിൽ റെസ്പോൺസിബിലിറ്റി എന്നു പറയുന്ന വാക്കിനു തുല്യമായി മലയാളത്തിലുള്ള ഉത്തരവാദിത്വം എന്ന അർത്ഥത്തിലാണ് കെ.എ.ഏബ്രഹാം ഇതു വ്യാഖ്യാനിക്കുന്നത്. പക്ഷേ ഇങ്ങനെയൊരു അർത്ഥം ആ വാക്കിനില്ല. "Be surety for thy servant for good" എന്നാണ് ഇംഗ്ലീഷിൽ പറയുന്നത്. പി.ഒ.സി ബൈബിളിൽ ഇത് ഇപ്രകാരം തർജ്ജമ ചെയ്തിരിക്കുന്നു: ''ഈ ദാസന് അങ്ങ് നന്മ ഉറപ്പുവരുത്തേണമേ''. ഉത്തരവാദി എന്ന് നാം ഉപയോഗിക്കുന്ന ബൈബിളിൽ തർജ്ജമ ചെയ്തിരിക്കുന്ന എബ്രായവാക്ക് ഔറാബ് എന്നതാണ്. ജാമ്യം നിൽക്കുക എന്നാണ് ഇതിന്റെ ഏകദേശ അർത്ഥം. അതുകൊണ്ട് ''എന്റെ നന്മയ്ക്കു നീ ജാമ്യക്കാരനായിരിക്കേണമേ'' എന്നുവേണം ഇതു തർജ്ജമ ചെയ്യാൻ. കെ.എ.ഏബ്രഹാം ധരിച്ചുവച്ചിരിക്കുന്നതുപോലെ ദൈവത്തിന്റെ ഉത്തരവാദിത്വത്തേക്കുറിച്ചല്ല മറിച്ച് നൻമ ലഭിക്കുമെന്നതിന് ദൈവം ജാമ്യം നിൽക്കണമേ എന്നാണ് ആ പ്രാർത്ഥന. അതുകൊണ്ട് പ്രസംഗവിഷയം തന്നെ വിഡ്ഢിത്തമാണ്.

ദൈവത്തിന്റെ ഉത്തരവാദിത്വത്തേക്കുറിച്ച് ഈ ചങ്ങാതി നൽകുന്ന വിശദീകരണം കേട്ടാൽ വിവരക്കേടിന്റെ ആഴം മനസ്സിലാകും. ''നീ ചിരിച്ചാൽ അതിന് ഉത്തരവാദിയുണ്ട്, നീ കരഞ്ഞാൽ അതിന് ഉത്തരവാദിയുണ്ട്, നീ കഷ്ടം അനുഭവിച്ചാൽ അതിന് ഉത്തരവാദിയുണ്ട്''. കുറച്ചധികം കാര്യങ്ങൾ ഇങ്ങനെ പറഞ്ഞിട്ട് ഇയാൾ വ്യക്തമാക്കുന്നു: ''ഇതിനെല്ലാം ദൈവമാണ് ഉത്തരവാദി''. സങ്കീർത്തനമെഴുതിയ ആളോ അതെഴുതിച്ച പരിശുദ്ധാത്മാവോ ചിന്തിച്ചിട്ടില്ലാത്ത അർത്ഥമാണ് അവറാൻ പറയുന്നത്.

ദൈവത്തിന്റെ ഉത്തരവാദിത്വം വളരെ വലുതാണെന്ന് ഈ ചങ്ങാതി കാര്യകാരണസഹിതം വിശദീകരിക്കുന്നു. ''അക്ഷാംശരേഖ, രേഖാംശരേഖ, സൂര്യൻ, സൗരയൂഥങ്ങൾ, ചന്ദ്രൻ, ഭൂമി, മഴ, വെയിൽ, കാറ്റ്, കടല് ഇതിനെയെല്ലാം നിയന്ത്രിക്കുന്ന ദൈവത്തിന്റെ ഉത്തരവാദിത്വം....''

ദൈവം ഭൂമിയിൽ അക്ഷാംശരേഖയും രേഖാംശരേഖയും വരച്ചുണ്ടാക്കിയെന്നാണോ ഈ പണ്ഡിതൻ പറയുന്നത്? ഇത്തരം രേഖകളൊന്നും ഭൂമിയിലില്ല. ഉണ്ടെന്ന് സങ്കല്പിക്കുന്നതേയുള്ളു. സൗരയൂഥം എന്നത് സൂര്യനും സൂര്യനുചുറ്റും കറങ്ങുന്ന ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും ഉൽക്കകളും എല്ലാം ചേർന്നതാണ്. സൗരയൂഥങ്ങൾ എന്നൊന്നില്ല. കാരണം ഒരു സൂര്യനേയുള്ളു.



സൗരയൂഥങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രങ്ങളുണ്ട് എന്നും അവറാൻ തുടർന്നു പറയുന്നു. ഏതാണാവോ? ഇതുകഴിഞ്ഞ് ഈ മാന്യദേഹം ഒരു ഉദാഹരണം പറയുന്നു: പൂച്ചയുടെ ഭക്ഷണം എലിയാണ്. പൂച്ച പ്രാർത്ഥിക്കയാണ് - എനിക്കു ബ്രേക്ക് ഫാസ്റ്റിന് എന്തെങ്കിലും ഭക്ഷണം തരണേ എന്ന്. അതിന്റെ പ്രാർത്ഥന ദൈവം കേൾക്കേണ്ടേ? ദൈവം പ്രാർത്ഥന കേട്ട് അതിന്റെ മുൻപിൽ കൂടി ഒരു എലിയെ വിട്ടു. ഈ പൂച്ച എലിയെ ചാടി പിടിച്ചു. പല്ല് ദേഹത്തു കൊണ്ടപ്പോൾ എലി പ്രാർത്ഥിക്കയാണ്, ദൈവമേ ഈ പൂച്ചയുടെ വായിൽ നിന്ന് എന്നെ രക്ഷിക്കണേ എന്ന്. ദൈവം പിന്നീട് എന്തുചെയ്തു എന്ന് അവറാൻ പറയുന്നില്ല. ആരുടെ പ്രാർത്ഥന കേൾക്കണമെന്നറിയാതെ മിഴിച്ചുനിൽക്കുന്ന ദൈവത്തെ അവിടെവിട്ടിട്ട് ദൈവത്തിന്റെ ഉത്തരവാദിത്വം എന്ന വിഷയത്തിലേക്ക് ഈ മഹാവീരൻ മടങ്ങിവരുന്നു. പാവം ദൈവം ഇപ്പോഴും അവിടെ നിൽക്കുന്നുണ്ടാകും. ആ എലിയുടെ തലയിലുള്ളത്രയെങ്കിലും ചോറ് ഇവന്റെ തലയിലുണ്ടായിരുന്നെങ്കിൽ ഇത്തരം കഥകൾ പറയുമായിരുന്നില്ല.

കോടാനുകോടി അപേക്ഷകളും ചില ഉപേക്ഷകളും ഒക്കെക്കൂടി കൈകാര്യം ചെയ്യുന്ന ദൈവം അനുഭവിക്കുന്ന ബുദ്ധിമുട്ടുകളേക്കുറിച്ചാണ് തുടർന്നു പറയുന്നത്. ഇറാക്ക് യുദ്ധത്തിൽ ജയിക്കണമെന്നു ബുഷ് പ്രാർത്ഥിച്ചാൽ ദൈവം കേൾക്കുമോ എന്നും മറ്റുമാണ് തുടർന്നു പറയുന്നത്. ''ആകെ കൺഫ്യൂഷനായല്ലേ?'' എന്ന് അവറാൻ ഇതിനിടയിൽ ചോദിക്കുന്നു. തികച്ചും ശരി. ആകെ കൺഫ്യൂഷനായി. ഇത്ര വിവരംകെട്ട ഒരുത്തൻ എങ്ങനെ പ്രസംഗകനായി എന്നതാണ് കൺഫ്യൂഷന്റെ കാരണം.

ഇത്രയുമൊക്കെ പറഞ്ഞിട്ട് അത്യുഗ്രൻ ഒരു കണ്ടുപിടുത്തം അവറാൻ അവതരിപ്പിക്കുന്നു. മനുഷ്യന്റെ ഹൃദയത്തിൽ നിന്ന് ഒരു മിനിട്ടിൽ എണ്ണായിരം ലിറ്റർ രക്തം പമ്പ് ചെയ്യുന്നുണ്ടത്രേ. വൈദ്യശാസ്ത്രത്തിനുള്ള ഈ വർഷത്തെ നൊബേൽ സമ്മാനം ഈ വിഡ്ഢിക്കു കിട്ടുമെന്നു തീർച്ച. കൊന്നുനിൽക്കുന്നവൻ തിരുവനന്തപുരത്ത് നടത്തിയ യോഗത്തിൽ അവറാന്റെ പ്രസംഗം കേൾക്കാൻ ഒരുലക്ഷം ആളുകൾ വന്നു എന്നു പറഞ്ഞതിന്റെ ഗുട്ടൻസ് ഇപ്പോഴാണ് പിടികിട്ടിയത്. മോനായിയുടെ പത്രത്തിന് അഞ്ചുലക്ഷം വായനക്കാരുണ്ടെന്നു പറഞ്ഞതുപോലുള്ള കാര്യമാണിത്. ഒരു ഗുണനം നടത്തി, അത്രതന്നെ. എത്രകൊണ്ടാണ് അവറാൻ രക്തത്തെ ഗുണിച്ചത്?

മനുഷ്യഹൃദയം ഏകദേശം അഞ്ചു ലിറ്റർ രക്തമാണ് ഒരു മിനിട്ടുകൊണ്ടു പമ്പ് ചെയ്യുന്നത്. ഇതാണ് അവറാൻ എണ്ണായിരമാക്കിയത്. അഞ്ചിനെ 1600 എന്ന സംഖ്യകൊണ്ടു ഗുണിച്ചു. ഇതു വച്ചു നോക്കുമ്പോൾ തിരുവനന്തപുരത്ത് ആയിരത്തിൽ താഴെ ആളുകളാണുണ്ടായിരുന്നതെന്നു കരുതാം. (അവറാൻ പറയുന്ന കള്ളത്തിന്റെ തോതുവച്ചുള്ള കണക്കാണിത്).

ഇനി അവറാൻ വഹ ഒരു ചോദ്യം: ''മനുഷ്യശരീരത്തിലെ ശ്വാസോച്ഛ്വാസം എവിടെയാ തങ്ങി നിൽക്കുന്നേ? കണ്ണു തുറന്നാ ഇരിക്കുന്നേ. മൂക്കു തുറന്നാ ഇരിക്കുന്നേ. ചെവി രണ്ടും തുറന്നാ ഇരിക്കുന്നേ. ചിലരുടെ വായും എപ്പോഴും തുറന്നാ ഇരിക്കുന്നേ. ഇങ്ങനെ ഇതെല്ലാം തുറന്നിരിക്കുമ്പം ഈ ശ്വാസോച്ഛ്വാസം എവിടെയാ നിൽക്കുന്നേ? ഇതിന് ഒരു പ്രത്യേക സെയിൽ(?) ചെയ്തിരിക്കുന്ന സ്ഥലമില്ലല്ലോ. എങ്ങനാ ശ്വാസം പോകാൻ സാദ്ധ്യതാന്ന് എങ്ങനാ അറിയുക? അറിയില്ല. പക്ഷേ ഇതുമുഴുവൻ ഉത്തരവാദിത്വത്തോടെ നിയന്ത്രിക്കുന്ന ഒരു ദൈവം...''

ജനപ്രിയന്റെ അറിവ് അപാരം? അതുകൊണ്ട് ശ്രീമാൻ വിജ്ഞാനി ദയവായി ഒരു ചോദ്യത്തിന് മറുപടി പറയണം: ശ്വാസോച്ഛ്വാസം എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്? വായു ഉള്ളിലേക്കു വലിച്ച ശേഷം പുറത്തേക്കു വിടുന്നതാണ് ശ്വാസോച്ഛ്വാസം എന്നാണ് വിവരമുള്ളവരൊക്കെ ഇതുവരെ പറഞ്ഞിട്ടുള്ളത്. അതു ശരിയാണെങ്കിൽ ശ്വാസോച്ഛ്വാസം എന്നൊരു സാധനമില്ല. ഇല്ലാത്ത സാധനത്തിന് നിൽക്കാനോ ഇരിക്കാനോ കിടക്കാനോ പറ്റില്ല, അതിനു സ്ഥലവും വേണ്ട. ശ്വാസം ഉള്ളിലേക്കു വലിക്കുമ്പോൾ വായു ശ്വാസകോശത്തിൽ നിറയും. വലിച്ചെടുത്ത വായു പുറത്തേക്കു വിടുന്നതോടെ ഉച്ഛ്വാസവുമായി.

മിടുക്കൻമാരായ ഡ്രൈവർമാർ ഓടിക്കുന്ന വണ്ടികൾ ഇടിക്കുന്നു. പക്ഷേ ''സൗരയൂഥങ്ങളിൽ കോടാനുകോടി നക്ഷത്രങ്ങൾ ഈ ഗാലക്സിക്കകത്തു കൂടി ഇങ്ങനെ ഓടിനടന്നിട്ട് അവ കൂട്ടിയിടിക്കുന്നില്ല. ഒറ്റ നക്ഷത്രത്തിനകത്തും ഡ്രൈവറില്ല. ചുമ്മാ വെറുതെ ചിന്തിക്ക്.''

പതാകയെക്കുറിച്ച് അവറാൻ അത്യുഗ്രൻ വിവരക്കേടുകൾ എഴുന്നെള്ളിക്കുമ്പോൾ ലോകോത്തര ഫലിതം കേട്ടതുപോലെ നാണിച്ചു ചിരിച്ച പെണ്ണുങ്ങളും അവരേക്കാൾ തരംതാണ കുറെ ആണുങ്ങളും ഇതൊക്കെ കേട്ട് വാപൊളിക്കുമെന്നതിനു സംശയമില്ല. പക്ഷേ സന്തോഷ് ജോർജ് കുളങ്ങരയേപ്പോലുള്ളവർ ബഹിരാകാശത്തേക്കു ടൂർ പോകുന്ന ഈ കാലത്ത് ദയവായി ഇത്തരം വിഡ്ഢിത്തങ്ങൾ പറഞ്ഞ് പാവപ്പെട്ട വിശ്വാസികളെ പരിഹാസ്യരാക്കരുത്. ഇയാൾക്ക് എച്ചിൽ ഗ്ലാസ് കഴുകാനും മേശ തുടയ്ക്കാനും മറ്റും നന്നായറിയാമല്ലോ. അതു ചെയ്യൂ. സയൻസും ചരിത്രവും മറ്റും വിവരമുള്ളവർ പറയട്ടെ.

ഈ ഒറ്റ പ്രസംഗത്തിൽ ഇയാൾ പറഞ്ഞ വിവരക്കേടുകളിൽ ചിലതു മാത്രമാണിവ. ഇനിയും പറയാൻ ഏറെയുണ്ട്. പക്ഷേ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കാൻ ഇത്രയും മതി.

ഇതൊക്കെ സുവിശേഷമാണെന്നും ഇതിനെ എതിർക്കുന്നവരെ ദൈവം ശിക്ഷിക്കുമെന്നുമാണ് അവറാനും കൂട്ടരും പറയുന്നത്. അത് ഏതു ദൈവമാണാവോ. ജീവനുള്ള ദൈവമല്ലെന്നു തീർച്ച. ഇങ്ങനെയൊക്കെ കുറെ വിവരക്കേടു പറയുന്നതല്ല സുവിശേഷപ്രസംഗം. അതുകൊണ്ട് ശ്രീമാൻ അവറാൻ പുണ്യാളൻ ദൈവവചനം പഠിക്കണം. എന്നിട്ട് ദൈവവചനം വസ്തുനിഷ്ഠമായി പ്രസംഗിക്കണം. ഡിഫെൻഡർ എതിർക്കുകയില്ല. പക്ഷേ ഇത്തരം വിവരക്കേടുകൾ പ്രസംഗിക്കുന്നതു തുടരാനാണു ഭാവമെങ്കിൽ, പൊന്നുമോനേ, നീ രണ്ടു ചെവിയും തുറന്നിരുന്ന് കേൾക്കേണ്ടതായിവരും.

കെ.എ.ഏബ്രഹാം മഹാപണ്ഡിതനാണെന്നും ഇത്തരം വിഡ്ഢിത്തങ്ങളൊന്നും പ്രസംഗിച്ചിട്ടുണ്ടാകില്ലെന്നും മറ്റും വാദിക്കുന്നവരുണ്ടാകാം. ഒരിക്കലും ബുദ്ധിപഠിക്കാത്ത പെണ്ണുങ്ങൾ എന്നു പൗലോസ് പറഞ്ഞത് ഈ തരത്തിലുള്ളവരേക്കുറിച്ചാണ്. എന്നാൽ ഈ പ്രസംഗം നേരിൽ കേൾക്കാൻ ആഗ്രഹമുള്ളവർ താഴെ കാണുന്ന ലിങ്ക് നോക്കുക: www.tsbalan.org/youtube.html




## കാനം അച്ചൻ പറഞ്ഞതു ശരി

ആഗസ്റ്റ് 1 ലക്കം സ്വർഗ്ഗീയധ്വനിയുടെ ആറാം പേജിൽ കാനം അച്ചനുമായുള്ള അഭിമുഖം കണ്ടു. അച്ചനുമായി ഡിഫെൻഡർ പൂർണ്ണമായി യോജിക്കുന്നു. കെ.സി.ജോണും കൂട്ടരും പ്രചരിപ്പിക്കുന്ന ഭോഷ്ക്കുകൾക്കെതിരെ അച്ചൻ ആഞ്ഞടിച്ചതിൽ സന്തോഷം. കെ.എ.ഏബ്രഹാം ദേശീയ പതാകയെ അപമാനിച്ചതുമായി ബന്ധപ്പെട്ട് അച്ചൻ പറഞ്ഞത് ഡിഫെൻഡറിന്റെ വായനക്കാർക്കുവേണ്ടി ഉദ്ധരിക്കുന്നു:

''ഒരു പ്രസംഗകൻ പാലിച്ചിരിക്കേണ്ട സാമൂഹികമായ കീഴ്വഴക്കങ്ങളും നിയമങ്ങളുമുണ്ട്. വചനം വ്യാഖ്യാനിക്കുന്നതിലുമുണ്ട് കർശനമേറിയ ചില നിയമങ്ങൾ. ഇതു പാലിക്കാതെ എന്തൊക്കെയോ വിളിച്ചു പറഞ്ഞാൽ അത് പ്രസംഗം ആകുകയില്ല. ലിവ്യാഥാന്റെ തല തകർത്ത് അവ കാടപ്പക്ഷികളാക്കി മാറ്റി യിസ്രായേൽ ജനത്തിന് മാംസാഹാരം നൽകി എന്നൊക്കെ ഈ സഹോദരൻ പ്രസംഗിച്ചു കേട്ടു. അദ്ദേഹത്തോടു വിരോധമൊന്നും ഉണ്ടായിട്ടില്ല. എന്നാൽ ഇങ്ങനെ പ്രസംഗിക്കുന്നത് വേദപുസ്തകത്തിന്റെ അടിസ്ഥാന വിഷയങ്ങളേക്കുറിച്ചുള്ള അജ്ഞതമൂലമാണ്. അത് തിരുത്താൻ അവർക്കു മനസ്സുണ്ടാകട്ടെ. അല്ലാതെ ആരേയും ലക്ഷ്യം വച്ചുള്ള പ്രതിപ്രവർത്തനമൊന്നും പി.എ.സി നടത്തുകയില്ല''.

കെ.എ.ഏബ്രഹാമിനോടുള്ള വിരോധംകൊണ്ടാണ് ഡിഫെൻഡർ ഈ വിഡ്ഢിയെ നിരന്തരം വിമർശിക്കുന്നതെന്നു ധരിച്ചുവച്ചിരിക്കുന്നവർ ശ്രദ്ധിക്കുക: നിഷ്പക്ഷനെന്നു പേരുകേട്ട കാനം അച്ചനുപോലും കെ.എ.ഏബ്രഹാം പറയുന്ന വിഡ്ഢിത്തങ്ങൾക്കെതിരെ പ്രതികരിക്കാതിരിക്കാൻ കഴിയുന്നില്ല. പിന്നെ ഡിഫെൻഡറിന്റെ കാര്യം പറയേണ്ടതുണ്ടോ? വിവരക്കേടു പ്രസംഗിക്കുന്നതു കെ.എ.ഏബ്രഹാം നിർത്തിയാൽ ഡിഫെൻഡർ ഇയാളെ വിമർശിക്കുന്നതും നിർത്തും.

RNI No. 68089 / 97
2008 August 16

THE DEFENDER

REGISTERED
KL/ALY/0031/2006-08

# കെ.സി. പുണ്യാളൻ വായിച്ചറിയാൻ

ആഗസ്റ്റ് ഒന്ന് ലക്കം ഹാലേലൂയ്യായിൽ പരിശുദ്ധ കെ.സി. ജോൺ ഒരു അനുബന്ധകുറിപ്പ് പ്രസിദ്ധീകരിച്ചിരുന്നു. അത് ഇന്റർനെറ്റിൽ പ്രത്യക്ഷപ്പെട്ട് ഏതാനും മണിക്കുറുകൾക്കകം അതിനുള്ള മറുപടി ഡിഫെൻഡർ നൽകുകയുണ്ടായി. എങ്കിലും ഇന്റർനെറ്റ് സൗകര്യമില്ലാത്ത സാധാരണക്കാരായ വായനക്കാരുടെ അറിവിലേക്ക് പ്രസക്ത ഭാഗങ്ങൾ പ്രസിദ്ധീകരിക്കയാണ്.

1. ഹാലേലൂയ്യായിൽ പ്രസിദ്ധീകരിച്ച ഇന്റർവ്യൂ വായിച്ച് പലരും കെ.സി.ജോണിനെ വിളിക്കയും അഭിനന്ദിക്കയും ചെയ്തത്രേ. ശരിയായിരിക്കാം. ഈ ലോകത്ത് കഴുതകൾ ഏറെയുണ്ട്. അതുകൊണ്ടാണല്ലോ കെ.സി.ജോണിനേപ്പോലുള്ള വിരുതൻമാർ ജീവിച്ചുപോകുന്നത്. എല്ലാവരേയും കുറേക്കാലവും കുറേപ്പേരെ എല്ലാക്കാലവും കബളിപ്പിക്കാമെങ്കിലും എല്ലാവരേയും എല്ലാക്കാലവും കബളിപ്പിക്കാനാവില്ല എന്നാണു ചൊല്ല്. എല്ലാക്കാലവും കബളിപ്പിക്കാൻ കഴിയുന്ന ചിലർ ഈ ലോകത്തുണ്ട്. കെ.സി.ജോണിന്റെ അഭിമുഖം വായിച്ച് ഇത്തരക്കാർ സന്തോഷിച്ചിരിക്കാം. കെ.സി.ജോൺ എന്ന പുണ്യാളനെ അവർ പൂവിട്ടു പൂജിച്ചെന്നും വരാം. പക്ഷേ കെ.സി.ജോൺ വിശുദ്ധനാണെന്നതിനു തെളിവായി ഇതു സ്വീകരിക്കാനാവില്ല.

2. നെഗറ്റീവായി ഒരാൾ മാത്രം പ്രതികരിച്ചു എന്നു കെ.സി. ജോൺ പറയുന്നു. ആലിൻ ചുവടുവരെ നീറാൻ ഒരു കാന്താരി മതി കെ.സീ. എങ്കിലും വാദം അർത്ഥശൂന്യമാണ്. കുറേപ്പേർ കെ.സി.ജോണിനെ വിളിച്ച് പോസിറ്റീവായി പറഞ്ഞു. ചിലപ്പോൾ ഹാലേലൂയ്യായോടും പറഞ്ഞിരിക്കാം. അതുപോലെ നൂറു കണക്കിന് ആളുകൾ റ്റി.എസ്.ബാലൻ എന്ന ഈയുള്ളവനെ വിളിച്ച് അഭിനന്ദിച്ചു. കെ.സി.ജോൺ എന്ന കള്ളനെതിരെ എഴുതാൻ ധൈര്യമുള്ള ഒരാളെങ്കിലും ഉണ്ടായല്ലോ എന്നാണ് അവരൊക്കെ പറഞ്ഞത്. അതുകൊണ്ട് ഒരാൾ മാത്രമേ നെഗറ്റീവായി പറഞ്ഞുള്ളൂ എന്നു പറയുന്നതു ശരിയല്ല. പക്ഷേ പരസ്യമായി എഴുതിയത് ഡിഫെൻഡർ മാത്രം.

3. മകന് അഡ്മിഷൻ ലഭിക്കാൻ 23 ലക്ഷം രൂപ കൈക്കൂലി കൊടുത്തില്ല എന്നാണ് മറ്റൊരുവാദം. കെ.സി.ജോൺ 23 ലക്ഷം കൊടുക്കുന്നതു നേരിൽ കണ്ട ആളാണ് എന്നോട് ഈ വിവരം പറഞ്ഞത്. ആ സ്ഥാപനവുമായി ബന്ധമുള്ള ഒരാളാണ് അദ്ദേഹം. അതുകൊണ്ട് പേരു വെളിപ്പെടുത്തരുത് എന്നു പറഞ്ഞു. കോളേജിന് 20 ലക്ഷം കിട്ടിയാൽ മതിയാകുമായിരുന്നു. എല്ലാവരും അല്പം വിലപേശും. അതുകൊണ്ട് 23 ലക്ഷം എന്നു പറഞ്ഞു. വിലപേശി 20 ലക്ഷം ആക്കാനായിരുന്നു പരിപാടി. പക്ഷേ കെ.സി.ജോൺ വിലപേശിയില്ല. 23 ലക്ഷവും കൊടുത്തു. ഇത് കോളേജ് അധികൃതരേപ്പോലും അത്ഭുതപ്പെടുത്തിയെന്നാണ് ദൃക്സാക്ഷി പറഞ്ഞത്. ഡിഫെൻഡറിന് വിവരം തരുന്നവരുടെ പേരുകൾ വെളിപ്പെടുത്താറില്ല. അതുകൊണ്ട് ദൃക്സാക്ഷിയുടെ പേരു വിലാസവും വെളിപ്പെടുത്താനാവില്ല.

4. ആ കോളേജിൽ 12 ലക്ഷം രൂപ മാത്രമേ ഫീസുള്ളൂ എന്നു കെ.സി.ജോൺ പറയുന്നു. ഈ കണക്കു ശരിയാണ്. പക്ഷേ അതു നിയമാനുസൃതമുള്ള ഫീസാണ്. അഡ്മിഷൻ ലഭിക്കാൻ ഈ തുക കൊടുത്താൽ പോരാ. കണക്കിൽ പെട്ട ഫീസ്, കണക്കിലില്ലാത്ത കൈക്കൂലി എന്നിങ്ങനെ രണ്ടു തരത്തിലാണ് പണം കൊടുക്കേണ്ടത്. കേരളത്തിലും ഇതുതന്നെ സ്ഥിതി. മാനേജ്മെന്റ് സീറ്റിൽ എത്ര രൂപ വാങ്ങാമെന്ന് ഓരോ കൊല്ലവും സർക്കാർ നിശ്ചയിക്കും. കണക്കിൽ അതു മാത്രമേ ഉണ്ടാകൂ. പക്ഷേ അഡ്മിഷൻ കിട്ടണമെങ്കിൽ പത്തോ ഇരുപതോ ലക്ഷം കൈക്കൂലി കൊടുക്കണം. അതിനു കണക്കോ മറ്റു രേഖകളോ ഉണ്ടാകില്ല. കെ.സി. ജോൺ മകന് അഡ്മിഷൻ എടുത്തതും ഈ വിധത്തിലാണ്. ആകെ 23 ലക്ഷം കൊടുത്തു. കണക്കിലുള്ള ഫീസിന് രസീത് കിട്ടി. ബാക്കിയുള്ളതിന് ഒരു രേഖയുമില്ല. 23 ലക്ഷം കൊടുക്കുന്നതു നേരിൽ കണ്ട ആൾ പറഞ്ഞതുകൊണ്ട് വിവരം ഡിഫെൻഡർ അറിഞ്ഞു എന്നു മാത്രം.

5. കെ.സി.ജോൺ 23 ലക്ഷം കൊടുത്തു എന്നു തെളിയിച്ചാൽ എനിക്ക് ഒരുലക്ഷം രൂപ പാരിതോഷികം നൽകുമത്രേ. നായെ വിറ്റ കാശും വേശ്യയുടെ കൂലിയും മറ്റും ഭണ്ഡാരത്തിൽ ഇടാൻ കൊള്ളില്ല. അതുകൊണ്ട് ഇത്തരം പണത്തിന്റെ പങ്കു പറ്റാൻ ഞാൻ തയ്യാറുമല്ല. ഒരുലക്ഷം രൂപ നഷ്ടമായാലും വേണ്ടില്ല, ബാലനു വിവരം തരുന്നത് ആരാണെന്നു കണ്ടെത്തണം എന്നാണ് കെ.സി.ജോണിന്റെ ആഗ്രഹം. അതു നടക്കില്ല. ഡിഫെൻഡറിനു വിവരം തരുന്നതാരെന്ന് ഒരിക്കലും പുറത്തു പറയില്ല. ഈ പതിവ് ഒരിക്കൽ മാത്രമേ ഡിഫെൻഡർ തെറ്റിച്ചിട്ടുള്ളൂ. മറ്റൊരു നിവൃത്തിയും ഇല്ലാതായപ്പോൾ അങ്ങനെ ചെയ്തതാണ്. ടി.എസ്. ഏബ്രഹാമിന്റെ ദുർന്നടപ്പു കഥകളിൽ ഭൂരിപക്ഷവും എന്നെ അറിയിച്ചത് കെ.സി.ജോണാണ്. അതേപ്പറ്റി ഞാൻ വിശദമായി അന്വേഷിച്ചശേഷം സത്യമെന്നു ബോദ്ധ്യമായവ ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചു. പക്ഷേ കെ.സി. ജോൺ ആണ് ഈ വിവരമെല്ലാം എനിക്കു തന്നതെന്ന് ചിലർ ഊഹിച്ചെടുത്തു. അതോടെ കെ.സി. ജോൺ ഭയപ്പെട്ടു. ബാലൻ എഴുതുന്നതെല്ലാം പച്ചക്കള്ളമാണെന്നു പ്രസംഗിക്കാൻ ആരംഭിച്ചു. എങ്കിലും ക്ഷമിച്ചു. പക്ഷേ അച്ചൻകുഞ്ഞ് ഇലന്തൂരാണ് ഈ കഥയെല്ലാം ബാലനു പറഞ്ഞുകൊടുത്തത് എന്നുകൂടി കെ.സി.ജോൺ പ്രചരിപ്പിക്കാൻ തുടങ്ങി. ഒരു നിരപരാധി ക്രൂശിക്കപ്പെടുന്നു എന്നുകൂടി ബോദ്ധ്യമായപ്പോൾ ഞാൻ സത്യം തുറന്നുപറഞ്ഞു: "ഇതാ ആ നീചൻ" എന്ന തലക്കെട്ടിൽ കെ.സി.ജോണിന്റെ ഫോട്ടോ സഹിതം വാർത്ത കൊടുത്തു. ഡിഫെൻഡറിനു വിവരം തന്നവരേക്കുറിച്ച് ഞാൻ വെളിപ്പെടുത്തിയ ഏക സംഭവമിതാണ്.

6. എന്റെ മറുപടിക്കായി കെ.സി. ജോൺ ഒരുമാസം കാത്തിരിക്കുമത്രേ. പക്ഷേ മറുപടി പറയാൻ എനിക്ക് അത്രയും സമയം ആവശ്യമില്ല. കെ.സി.ജോണിന്റെ വെല്ലുവിളി ഹാലേലൂയ്യായുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച അതേ ദിവസംതന്നെ ഈ മറുപടിയും ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ചു. എന്തിനാണ് കെ.സി.ജോൺ അവാർഡും റിവാർഡും ഒക്കെ പ്രഖ്യാപിക്കുന്നത്? പറയാം: ബാലൻ പറയുന്നതു കള്ളമാണ് എന്നു തെളിയിക്കേണ്ടത് കെ.സി. ജോണിന്റെ ആവശ്യമാണ്. അതുകൊണ്ട് ബാലൻ നുണയനാണെന്നു പ്രഖ്യാപിക്കയോ ബാലന് നുണയനുള്ള അവാർഡ് പ്രഖ്യാപിക്കയോ ചെയ്തുകൊള്ളൂ. അതൊക്കെ വിശ്വസിക്കാൻ ആളുണ്ടാകുകയും ചെയ്യും. പക്ഷേ കഴുതകൾ മാത്രമേ ഈ ലോകത്തുള്ളൂ എന്ന് കെ.സി. ജോൺ കരുതരുത്.

7. കെ.സി.ജോണിന് തങ്കു റാലി നടത്താൻ 15 ലക്ഷം രൂപ കൊടുത്തു എന്നതു ശരിയാണ്. കൂടാതെ റാലിക്ക് കുറഞ്ഞപക്ഷം അൻപതിനായിരം ആളുകളെ വിട്ടുകൊടുക്കാമെന്നു പറഞ്ഞിട്ടുമുണ്ട്. തങ്കുവിന്റെ കൂട്ടത്തിലുള്ളവർ തന്നെയാണ് ഈ വിവരങ്ങൾ പറഞ്ഞത്. തങ്കു കെ.സി.ജോണിനെ എല്ലാവിധത്തിലും സഹായിക്കും എന്നു തെളിയിക്കാനാണ് ഇതു പറഞ്ഞതും. പക്ഷേ ആ പണം കെ.സി.ജോൺ എന്തു ചെയ്തു എന്ന് എനിക്കറിഞ്ഞുകൂടാ. അതുകൊണ്ടാണ് ഏതു സ്വിസ് ബാങ്കിലാണ് ഇട്ടതെന്നു ചോദിച്ചത്. ഇടപാടുകാരെ സംബന്ധിച്ച വിവരങ്ങൾ സ്വിസ് ബാങ്കുകളെന്നല്ല സാധാരണ ബാങ്കുകൾ പോലും വെളിപ്പെടുത്തുകയില്ല. അതുകൊണ്ട് തങ്കു കൊടുത്ത പണം എന്തുചെയ്തു എന്ന് കെ.സി.ജോണിനു മാത്രമേ പറയാൻ പറ്റൂ.

8. കെ.സി.ജോൺ തങ്കുവിൽ നിന്നു പണം വാങ്ങിയത് രസീത് കൊടുത്തല്ല. വാങ്ങിയില്ല എന്നു കെ.സി. ജോണും കൊടുത്തില്ല എന്നു തങ്കുവും പറഞ്ഞാൽ സംഗതി എളുപ്പമായി. അതുകൊണ്ടാണ് കെ.സി. ജോൺ അഞ്ചുലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിക്കുന്നത്. ഇതു വായിച്ചശേഷം കെ.സി. ജോണിനെ അഭിനന്ദിക്കാൻ കുറേപ്പേർ തയ്യാറാകുമെന്നറിയാം. പക്ഷേ സാമാന്യ ബുദ്ധിയുള്ളവർക്കു മനസ്സിലാക്കാൻ കഴിയുന്ന കാര്യങ്ങളേ ഇവിടെയുള്ളൂ. തങ്കുവിനെതിരെ ഉണ്ടായ അന്വേഷണവും അതിനെതിരെ കെ.സി.ജോൺ നടത്തിയ നീക്കങ്ങളും റാലിയെ അതുമായി ബന്ധപ്പെടുത്താൻ നടത്തുന്ന ശ്രമങ്ങളും ന്യൂ ജനറേഷൻ സഭകൾക്കു നൽകുന്ന പിൻതുണയും മറ്റും കാണുമ്പോൾ ബുദ്ധിയുള്ളവർക്കു കാര്യം പിടികിട്ടും. കൈക്കൂലി കൊടുക്കുന്നവനും വാങ്ങുന്നവനും തമ്മിൽ ഒത്താൽ വിജിലൻസുകാർ കുഴയുമെന്നു മനസ്സിലാക്കാൻ സൂപ്പർ ബുദ്ധി വേണ്ട.

9. ഡിഫെൻഡറിനു വിവരം തരുന്നവരിൽ ഭൂരിപക്ഷത്തിനും തങ്ങളുടെ പേര് പുറത്തറിയരുതെന്ന് ആഗ്രഹമുണ്ടായിരിക്കും. അത് ഗുരുതരമായ തെറ്റാണെന്നു പറയുന്നുമില്ല. എത്ര വലിയവനേക്കുറിച്ചും എഴുതാനുള്ള ധൈര്യം എനിക്കുണ്ട്. കെ.സി.ജോൺ എന്ന പരമ വ്യഭിചാരിയെ എനിക്കു ഭയമില്ല. അതല്ല മറ്റുള്ളവരുടെ സ്ഥിതി. തങ്ങളുടെ പേരു വെളിപ്പെടുത്തുന്നതിൽ തെറ്റില്ല എന്നു പറഞ്ഞുകൊണ്ട് ഡിഫെൻഡറിനു വിവരം തരുന്നവരുമുണ്ട്. അവരുടെ പേരും ഡിഫെൻഡർ വെളിപ്പെടുത്താറില്ല. ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്ന എല്ലാ ലേഖനങ്ങൾക്കും വാർത്തകൾക്കും ഡിഫെൻഡറിന്റെ പത്രാധിപർ ഉത്തരവാദിയാണ്. അതിന് മറ്റാരുടേയും പങ്കോ സഹായമോ ആവശ്യമില്ല. പക്ഷേ ഇതൊക്കെ അറിയാത്തവരുണ്ട്. ഡിഫെൻഡറിനു വിവരങ്ങൾ നൽകിയാൽ വിവരം തന്നതു തങ്ങളാണെന്ന് പുറത്തറിയുമെന്നും തങ്ങൾ കുഴപ്പത്തിലാകുമെന്നും ഭയപ്പെടുന്നവരുണ്ട്. വിവരം തരുന്നവരേക്കുറിച്ച് പുറത്തു പറയുകയില്ല എന്ന് ഡിഫെൻഡർ എഴുതിയത് അങ്ങനെയുള്ളവരുടെ അറിവിലേക്കാണ്. അത് നിലവിളിയായി കെ.സി.ജോണിനു തോന്നിയത് മാനസികനില തകരാറിലായതുകൊണ്ടാണ്. വീണ്ടും പറയട്ടെ: കെ.സി.ജോൺ ഉൾപ്പെടെയുള്ള ഏതു കള്ളനേക്കുറിച്ചും വായനക്കാർക്ക് ഡിഫെൻഡറിനെ അറിയിക്കാം. ലഭിക്കുന്ന വിവരങ്ങൾ ഡിഫെൻഡർ പരിശോധിക്കും. വസ്തുതകൾ ബോദ്ധ്യമായാൽ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കും. ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്ന വിവരങ്ങളുടെ ഉത്തരവാദിത്വം ഡിഫെൻഡർ ഏറ്റെടുക്കും. വിവരം തന്നവരേക്കുറിച്ചു പുറത്തു പറയില്ല. അതുകൊണ്ട് ധൈര്യമായി വിവരങ്ങൾ നൽകുക. കത്ത്, ഈമെയിൽ, ഫോൺ തുടങ്ങി ഏതു വിധത്തിലും വിവരങ്ങൾ അറിയിക്കാം. തരുന്ന വിവരത്തോടൊപ്പം വിവരം തരുന്നവരുടെ പേരും വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. പക്ഷേ വിവരം തന്നതാരാണെന്നുള്ള കാര്യം പുറത്തു പറയുകയില്ല. (ഊമക്കത്തുകൾ ചവറ്റുകൊട്ടയിലിടും). എന്നെ നേരിൽ കാണാൻ ആഗ്രഹമുള്ളവർക്ക് പെരുമ്പാവൂരിൽ വരാവുന്നതാണ്.

10. കെ.സി.ജോണിനെതിരെ ഞാൻ ഇങ്ങനെയൊക്കെ എഴുതുന്നതുകൊണ്ട് ദൈവം എന്നെ ശിക്ഷിക്കുമെന്ന് കെ.സി.ജോൺ പറയുന്നു. കെ.സി.ജോണിനേക്കുറിച്ചോ മറ്റുള്ളവരേക്കുറിച്ചോ ഞാൻ പറയുന്ന കാര്യങ്ങൾ കള്ളമാണെങ്കിൽ അതിനുള്ള ശിക്ഷ അനുഭവിക്കാൻ ഞാൻ തയ്യാറാണ്. ദൈവം എന്നെ പശ്ചാത്താപത്തിലേക്കു നയിക്കട്ടെ എന്നും കെ.സി.ജോൺ പറയുന്നു. ഇത്തരം വേലത്തരങ്ങൾ ഊളമ്പാറയിൽ ഇറക്കിയാൽ മതി, ട്ടോ.

ഞാൻ കെ.സി.ജോണിനെതിരെ എഴുതാൻ തുടങ്ങിയിട്ട് വർഷങ്ങൾ പലതായി. ഇതുവരെ മൗനമായിരുന്ന കെ.സി.ജോൺ ഇപ്പോൾ ചന്ദ്രഹാസം ഇളക്കുന്നതെന്തുകൊണ്ട്? ഉത്തരം ലളിതം. ഡിഫെൻഡർ എന്നത് വളരെക്കുറച്ച് ആളുകൾ മാത്രം വായിക്കുന്ന ഒരു പത്രമാണെന്നു കെ.സി. ജോൺ ധരിച്ചിരുന്നു. അതുകൊണ്ട് തന്റെ ലീലാവിലാസങ്ങൾ അധികമാരും അറിയുന്നില്ല എന്നായിരുന്നു ഇയാളുടെ ധാരണ. പക്ഷേ കാര്യത്തിന്റെ ഗൗരവം ഈയിടെ നടത്തിയ അമേരിക്കൻ പര്യടനത്തിലാണ് വ്യക്തമായത്. ഐ.പി.സി ഫാമിലി കോൺഫ്രൻസിന് ഐ.പി.സിയുടെ ജനറൽ പ്രസിഡന്റായ കെ.സി.ജോണിനു ലഭിച്ചത് അളന്നു തൂക്കി ഏതാനും മിനിട്ടുകൾ മാത്രം. ആ സമയപരിധി ലംഘിച്ചപ്പോൾ ബലമായി പിടിച്ചിരുത്തി. പെന്തക്കോസ്ത് ക്രോൺഫ്രൻസിനും കാര്യമായ പരിഗണന ലഭിച്ചില്ല. ആരും ഇയാളോട് കുശലം പറയാൻ പോലും കൂട്ടാക്കിയുമില്ല. അങ്ങോട്ടു കയറി കുശലം പറഞ്ഞപ്പോൾ വിപരീത ഫലമാണുണ്ടായത്. ഡിഫെൻഡറിൽ വരുന്ന വാർത്തകളേക്കുറിച്ചായി ചോദ്യം. അതൊക്കെ നുണയാണെന്നു പറഞ്ഞുനോക്കി. പക്ഷേ ഫലിച്ചില്ല. കെ.സി.ജോൺ എന്തുകൊണ്ടു പ്രതികരിക്കുന്നില്ല എന്ന ചോദ്യത്തിനു മറുപടിയില്ലാതായി. അതുകൊണ്ട് ഉടൻ അമേരിക്കൻ പര്യടനം മതിയാക്കി തിരിച്ചെത്തി. അന്നുതന്നെ ഒരു അഭിമുഖം ശരിപ്പെടുത്തി പ്രസിദ്ധീകരിച്ചു. അതോടെ ബാലൻ ഒതുങ്ങും എന്നു കരുതി. പക്ഷേ അഭിമുഖം ഇന്റർനെറ്റിലൂടെ പുറത്തു വന്ന ഉടൻ ബാലൻ ഇന്റർനെറ്റിൽ മറുപടി പറഞ്ഞു. പത്തു പേജുള്ള ആ പ്രതികരണത്തിനു മറുപടി പറയാൻ പറ്റില്ലെന്നു തെളിഞ്ഞപ്പോൾ അതിലെ പ്രധാനപ്പെട്ട ഭാഗങ്ങളെല്ലാം കണ്ടില്ലെന്നു നടിച്ചിട്ട് കൈക്കൂലിപ്രശ്നം മാത്രം എടുത്തിട്ടു. കെ.സി.ജോണിന്റെയും ഭാര്യയുടേയും വ്യഭിചാരത്തേക്കുറിച്ചെഴുതിയതിനു തെളിവു ചോദിക്കാതെ ഒഴിഞ്ഞുമാറി. പക്ഷേ ഇതുകൊണ്ടൊന്നും കെ.സി.ജോൺ രക്ഷപ്പെടുകയില്ല. വിശദമായ പ്രതികരണം ഡിഫെൻഡറിന്റെ തുടർന്നുള്ള ലക്കങ്ങളിൽ പ്രസിദ്ധീകരിക്കും. ഈ പരമ നീചന്റെ തട്ടിപ്പുകൾ ഡിഫെൻഡർ പുറത്തു കൊണ്ടുവരും. ഡൈ ചെന്നുന്നതു നിർത്തി നരപ്പനായതുകൊണ്ടൊന്നും കെ.സി. ജോണിന്റെ പാപക്കറ നീങ്ങുകയില്ല.

ഡിഫെൻഡറിന്റെ സ്വാധീനം അമേരിക്കയിൽ മാത്രമേയുള്ളൂ എന്നാണ് കെ.സി.ജോൺ കരുതുന്നതെങ്കിൽ തെറ്റി. ഇംഗ്ലണ്ടിൽ ഡിഫെൻഡറിന് എത്രത്തോളം വായനക്കാരുണ്ടെന്ന് സരസമ്മയെ കാണാൻ അടുത്ത മാസം കെ.സി.ജോൺ ഇംഗ്ലണ്ടിൽ എത്തുമ്പോൾ മനസ്സിലാകും. ഹാലേലൂയ്യായിൽ എത്ര അഭിമുഖം കൊടുത്താലും ഡിഫെൻഡർ പറയുന്നതു വിശ്വസിക്കാൻ ആളുണ്ടാകുമെന്ന് ഇംഗ്ലണ്ടിൽ എത്തുമ്പോൾ വ്യക്തമാകും.

(കെ.സി.ജോൺ ഹാലേലൂയ്യായുടെ ജൂലൈ 15 ലക്കത്തിൽ പ്രസിദ്ധീകരിച്ച അഭിമുഖത്തിന് 10 പേജുള്ള മറുപടി ഇന്റർനെറ്റിൽ ഞാൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എങ്കിലും ഇന്റർനെറ്റ് ഉപയോഗിക്കാത്ത സാധാരണക്കാരുടെ അറിവിലേക്ക് വിശദമായ മറുപടി ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്നതാണ്. അതിന്റെ ആദ്യഭാഗം കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിക്കയും ചെയ്തു. ഈ ലക്കത്തിൽ അതു തുടരാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഹാലേലൂയ്യായുടെ ആഗസ്റ്റ് 1 ലക്കത്തിൽ പ്രസിദ്ധീകരിച്ച അനുബന്ധത്തിന് ഉടൻതന്നെ മറുപടി പറയേണ്ടിവന്നതുകൊണ്ട് അഭിമുഖത്തിനുള്ള മറുപടി അടുത്ത ലക്കത്തിലേക്കു മാറ്റിവയ്ക്കുന്നു).

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan